GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

30th December 2014

## കൂറുമാറ്റം : അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തംഗത്തെ അയോഗ്യയാക്കി

കൂറുമാറ്റ നിരോധന നിയമം ലംഘിച്ചതിന് പാലക്കാട് ജില്ലയിലെ അട്ടപാടി ബ്ലോക്ക് പഞ്ചായത്തംഗം തങ്കമണിയെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യയാക്കി. മറ്റൊരു ബ്ലോക്ക് പഞ്ചായത്തംഗമായ ബിന്ദു സണ്ണി നൽകിയ ഹർജിയിലാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നടപടി.

സി.പി.ഐ. സ്ഥാനാർത്ഥിയായി നിന്നു തിരഞ്ഞെടുക്കപ്പെട്ട തങ്കമണി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ പാർട്ടി വിപ്പ് ലംഘിച്ച് യു.ഡി.എഫ്. സ്ഥാനാർത്ഥിക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചതിനെ തുടർന്ന് എൽ.ഡി.എഫിന്റെ പ്രസിഡന്റ് സ്ഥാനാർത്ഥി പരാജയപ്പെടുകയുണ്ടായി. ഇത് കൂറുമാറ്റ നിരോധന നിയമത്തിന്റെ ലംഘനമായതിനാൽ അയോഗ്യത കൽപ്പിക്കണമെന്നായിരുന്നു ഹർജിക്കാരിയുടെ ആവശ്യം. പാർട്ടി വിപ്പ് ലംഘിച്ച് തിരഞ്ഞെടുപ്പ് യോഗത്തിൽ മന:പൂർവ്വം പങ്കെടുക്കാതിരുന്ന ബ്ലോക്ക് പഞ്ചായത്തംഗത്തിന്റെ നടപടി കൂറുമാറ്റമാണെന്ന് തെളിഞ്ഞതിനാലാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇവർക്ക് അയോഗ്യത കൽപ്പിച്ചത്. തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് ഇവരെ ആറു വർഷത്തേയ്ക്ക് വിലക്കിയിട്ടുമുണ്ട്. ഹർജിക്കാരിക്കുവേണ്ടി അഡ്വക്കേറ്റ് വഴുതക്കാട് ആർ. നരേന്ദ്രൻ നായർ കമ്മീഷൻ മുമ്പാകെ ഹാജരായി.

*(എസ്.ഇ.സി. 99/2014)*

| GRAMS: KERELECOM<br>E-mail: electionker@gmail.com<br>Website: www.sec.kerala.gov.in | **പത്രക്കുറിപ്പ്** | TELEPHONE: 0471-2338288,2321233<br>FAX: 0471-2338288<br>0471-2334130 |
|---|---|---|
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **29th December 2014** |

## തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പിന് വിജ്ഞാപനമായി

ജനുവരി 28 ന് നടക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഉപതിരഞ്ഞെടുപ്പിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് (ഡിസംബർ 29) വിജ്ഞാപനം പുറപ്പെടുവിച്ചു. മുനിസിപ്പാലിറ്റിയിലെ ഒന്നും, ബ്ലോക്ക് പഞ്ചായത്തുകളിലെ രണ്ടും ഗ്രാമപഞ്ചായത്തുകളിലെ ഏഴും വാർഡു കളിലേയ്ക്കാണ് ഉപതിരഞ്ഞെടുപ്പ് നടക്കുക. ജനുവരി അഞ്ചു വരെ നാമനിർദ്ദേക പത്രിക സമർപ്പിക്കാം. ജനുവരിഎട്ടിനാണ് നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള അവസാന തീയതി.

ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലെ പെരുന്ന അമ്പലം, ഇടുക്കി ബ്ലോക്ക്പഞ്ചായത്തിലെ കാമാക്ഷി, മലപ്പുറം ബ്ലോക്ക്പഞ്ചായത്തിലെ പുത്തൂർ എന്നിവിടങ്ങളിലാണ് തിരഞ്ഞെടുപ്പ്.

ഗ്രാമപഞ്ചായത്ത് മണ്ഡലങ്ങൾ : - പത്തനംതിട്ട വള്ളിക്കോട് - കിടങ്ങോത്ത്, ഇടുക്കി പെരുവന്താനം - മൂഴിക്കൽ, എറണാകുളം രായമംഗലം - കീഴില്ലം വെസ്റ്റ്, പാലക്കാട് അനങ്ങനടി - പത്തംകുളം, കണ്ണൂർ മുഴക്കുന്ന് - നല്ലൂർ, കാസർഗോഡ് അജാനൂർ - മഡിയൻ, ചിത്താരി

*(എസ്.ഇ.സി. 98/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

24th December 2014

## തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പ് വിജ്ഞാപനം 29 ന്

ജനുവരി 28 ന് നടക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഉപതിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഡിസംബർ 29 ന് പുറപ്പെടുവിയ്ക്കുന്നതാണ്. മുനിസിപ്പാലിറ്റിയിലെ ഒന്നും, ബ്ലോക്ക് പഞ്ചായത്തുകളിലെ രും ഗ്രാമപഞ്ചായത്തുകളിലെ ഏഴും വാർഡുകളിലേയ്ക്കാണ് ഉപതിരഞ്ഞെടുപ്പ് നടക്കുക.

ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലെ പെരുന്ന അമ്പലം,ഇടുക്കി ബ്ലോക്ക്പഞ്ചായത്തിലെ കാമാക്ഷി, മലപ്പുറം ബ്ലോക്ക്പഞ്ചായത്തിലെ പുത്തൂർ എന്നിവിടങ്ങളിലാണ് തിരഞ്ഞെടുപ്പ്.

ഗ്രാമപഞ്ചായത്ത് മണ്ഡലങ്ങൾ : - പത്തനംതിട്ട വള്ളിക്കോട് - കിടങ്ങോത്ത്, ഇടുക്കി പെരുവന്താനം - മൂഴിക്കൽ, എറണാകുളം രായമംഗലം - കീഴില്ലം വെസ്റ്റ്, പാലക്കാട് അനങ്ങനടി - പത്തംകുളം, കണ്ണൂർ മുഴക്കുന്ന് - നല്ലൂർ, കാസർഗോഡ് അജാനൂർ - മഡിയൻ, ചിത്താരി

തിരഞ്ഞെടുപ്പ് വിജ്ഞാപന തീയതി പ്രസിദ്ധപ്പെടുത്തിയ ഡിസംബർ 24 മുതൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാതൃകാപെരുമാറ്റച്ചട്ടം നിലവിൽ വന്നിട്ടു്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ഒട്ടാകെയും, ബ്ലോക്ക് പഞ്ചായത്തുകളിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിലും, നഗരസഭയിൽ തിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലം ഉൾപ്പെടുന്ന പ്രദേശത്തുമാണ് പെരുമാറ്റച്ചട്ടം പ്രാബല്യത്തിലുള്ളത്.

*(എസ്.ഇ.സി. 97/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

16th December 2014

## കൂറുമാറ്റം : പ്രസിഡന്റും, വൈസ് പ്രസിഡന്റുമടക്കം അഞ്ചംഗങ്ങൾക്ക് അയോഗ്യത

കൂറുമാറ്റ നിരോധന നിയമം ലംഘിച്ചതിനു മലപ്പുറം ജില്ലയിൽ ചേലമ്പ്ര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റും വൈസ് പ്രസിഡന്റുമടക്കം അഞ്ചംഗങ്ങളെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യരാക്കി.

മുൻ പഞ്ചായത്ത് പ്രസിഡന്റായ കെ.പി. ഷാഹിന നൽകിയ ഹർജിയിലാണ്, പ്രസിഡന്റ് കെ.കെ. സുഹ്റ, വൈസ് പ്രസിഡന്റ് കെ.പി. രഘുനാഥൻ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷ ജമീലാ ഹുസൈൻ, അംഗങ്ങളായ പി.നൗഷദ് അലി, ദിൽജ എന്നിവരെ അയോഗ്യരാക്കിയത്.

കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ പഞ്ചായത്ത് ഭരണ സമിതിയിൽ യു.ഡി.എഫിന് പന്ത്രണ്ടും എൽ.ഡി.എഫിന് അഞ്ചും ബി.ജെ.പിക്ക് ഒരു സീറ്റും ലഭിച്ചു. തുടർന്ന് മുസ്ലീം ലീഗിലെ കെ.പി. ഷാഹിന പ്രസിഡന്റും കോൺഗ്രസിലെ കെ.പി. ദേവദാസ് വൈസ് പ്രസിഡന്റുമായി. എന്നാൽ ഈവർഷം ഏപ്രിലിൽ, കൂറുമാറിയ അഞ്ചംഗങ്ങൾ എൽ.ഡി.എഫിനൊപ്പം ചേർന്ന് അവി ശ്വാസ പ്രമേയത്തിലൂടെ പ്രസിഡന്റിനേയും വൈസ് പ്രസിഡന്റിനേയും പുറത്താക്കി. തുടർന്ന് നടന്ന തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് പിന്തുണയോടെ കെ.കെ. സുഹ്റ പ്രസിഡന്റും കെ.പി. രഘുനാഥൻ വൈസ് പ്രസിഡന്റുമായി. യു.ഡി.എഫ് ടിക്കറ്റിൽ ജയിച്ച ശേഷം എതിർ മുന്നണി ക്കൊപ്പം ചേർന്ന് സ്വന്തം പാർട്ടി അംഗങ്ങളെ അവിശ്വാസ പ്രമേയത്തിലൂടെ ഭാരവാഹിത്വത്തിൽ നിന്ന് നീക്കുകയും, അവരുടെ പിന്തുണയോടെ മത്സരിച്ച് വിജയിക്കുകയും ചെയ്ത നടപടി കൂറുമാറ്റമാണെന്ന് വിലയിരുത്തിയ കമ്മീഷൻ അഞ്ചു പേരേയും അയോഗ്യരാക്കി. തദ്ദേശ ഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് ഇവരെ ആറു വർഷത്തേയ്ക്ക് വിലക്കിയിട്ടുണ്ട്.

*(എസ്.ഇ.സി. 96/2014)*

| GRAMS: KERELECOM<br>E-mail: electionker@gmail.com<br>Website: www.sec.kerala.gov.in | പത്രക്കുറിപ്പ്<br>കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | TELEPHONE: 0471-2338288,2321233<br>FAX: 0471-2338288<br>0471-2334130<br>3rd December 2014 |
|---|---|---|



## തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പ് ഫലം

ഡിസംബർ രണ്ടിന് നടന്ന തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പിൽ യു.ഡി.എഫും, എൽ.ഡി.എഫും പത്തു വീതവും ബി.ജെ.പി ഒരു സീറ്റിലും വിജയിച്ചു.

വിജയിച്ചവരുടെ വിശദാംശങ്ങൾ:- ജില്ല, തദ്ദേശഭരണ സ്ഥാപനം, മണ്ഡലം, വിജയി, കക്ഷിബന്ധം, ഭൂരിപക്ഷം

തിരുവനന്തപുരം-വർക്കല മുനിസിപ്പാലിറ്റി-ടെമ്പിൾ-ബിന്ദു-ഐ.എൻ.സി-(സ്വത)-15, കൊല്ലം-മുഖത്തല ബ്ലോക്ക് പഞ്ചായത്ത്-നെടുമ്പന-സജീവ് കളപ്പാടം-ഐ.എൻ.സി-255, കൊല്ലം-ക്ലാപ്പന ഗ്രാമപഞ്ചായത്ത്- ക്ലാപ്പന വടക്ക് എ-സുഷമ തങ്കച്ചി-ഐ.എൻ.സി-95, പത്തനംതിട്ട-പത്തനംതിട്ട മുനിസിപ്പാലിറ്റി-തൈക്കാവ്- സിന്ധു അനിൽ-ഐ.എൻ.സി-295, പത്തനംതിട്ട-സീതത്തോട് ഗ്രാമപഞ്ചായത്ത്-സീതക്കുഴി-ശ്യാമള ഉദയഭാനു- ഐ.എൻ.സി-86, ആലപ്പുഴ-അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്-വണ്ടാനം-എൻ.എ. ഷംസുദ്ദീൻ-സി.പി.ഐ-523,ആലപ്പുഴ- കൈനകരി ഗ്രാമപഞ്ചായത്ത്-അറന്നുറുംപാടം-ആഗ്നസ് ഗ്രിഗറി-ഐ.എൻ.സി-96, കോട്ടയം:-അയ്മനം ഗ്രാമപഞ്ചായത്ത്- അയ്മനം-രാജു-സി.പി.എം-273, ഇടുക്കി:- മറയൂർ-ഗ്രാമപഞ്ചായത്ത്-പുതച്ചിവയൽ-ജോമോൻ തോമസ്-ഐ.എൻ.സി-33, എറണാകുളം:- കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത്-പൊയ്ക-ബിനോയ് രാഘവൻ-സി.പി.ഐ-83, എറണാകുളം-ശ്രീമൂലനഗരം ഗ്രാമപഞ്ചായത്ത്-ശ്രീമൂലനഗരം സൗത്ത്-എം.പി. അബു-സി.പി.എം-41, തൃശ്ശൂർ-ഒല്ലുക്കര ബ്ലോക്ക് പഞ്ചായത്ത്-ചിറക്കോട്-ജയന്തി ശശിധരൻ-സി.എം.പി -119,തൃശ്ശൂർ-മാടക്കത്തറ ഗ്രാമപഞ്ചായത്ത്-400 കെ.വി.സബ്സ്റ്റേഷൻ -സൂധീർ-സി.പി.എം-35, തൃശ്ശൂർ-കയ്പമംഗലം ഗ്രാമപഞ്ചായത്ത്-സുഭാഷ് നഗർ-എം.സി. രാജൻ-ബി.ജെ.പി-136, തൃശ്ശൂർ-കൊരട്ടി ഗ്രാമപഞ്ചായത്ത്-ദേവമാത-ജെന്നി ജോഷി-ഐ.എൻ.സി-82, പാലക്കാട്- തെങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്-ആനക്കുട്ടിപ്പാറ- ലത-സി.പി.എം-268, പാലക്കാട്-പെരുമാട്ടി ഗ്രാമപഞ്ചായത്ത്- കന്നിമാരി- പ്രമീള-ജനതാദൾ സെക്കുലർ-560 പാലക്കാട് പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് -പൂച്ചിറ-പി. ഹരിലക്ഷ്മി-സി.പിഎം-125, കണ്ണൂർ-ന്യൂമാഹി ഗ്രാമപഞ്ചായത്ത്-ഏടന്നൂർ-ഉദയകുമാർ. സി.വി.-സി.പി.എം-257, കാസർഗോഡ്-കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് -പടുപ്പ്- കെ. ബലരാമൻ നമ്പ്യാർ-ഐ.എൻ.സി-226, കാസർഗോഡ് -കുമ്പള ഗ്രാമപഞ്ചായത്ത് -പേരാൽ-മറിയമ്മ മൂസ-ഐ.യു.എം.എൽ-188

*(എസ്.ഇ.സി. 95/2014)*

| GRAMS: KERELECOM<br>E-mail: electionker@gmail.com<br>Website: www.sec.kerala.gov.in | **പത്രക്കുറിപ്പ്** | TELEPHONE: 0471-2338288,2321233<br>FAX: 0471-2338288<br>0471-2334130 |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 1st December 2014 |


## 21 തദ്ദേശഭരണ മണ്ഡലങ്ങളിൽ നാളെ ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ മുനിസിപ്പാലിറ്റിയിലെ രണ്ടും, ബ്ലോക്ക് പഞ്ചായത്തിലെ മൂന്നും, ഗ്രാമപഞ്ചായത്തിലെ 16 ഉം മണ്ഡലങ്ങളിലേയ്ക്ക് നാളെ (ഡിസംബർ 2) ഉപതിരഞ്ഞെടുപ്പ് നടത്തുന്നതാണ്. രാവിലെ ഏഴു മണിമുതൽ വൈകുന്നേരം അഞ്ചു മണി വരെയാണ് വോട്ടിംഗ് സമയം. ഡിസംബർ മൂന്നിന് വോട്ടെണ്ണൽ നടക്കും.

ഉപതിരഞ്ഞെടുപ്പിന് വോട്ട് രേഖപ്പെടുത്തുന്നതിനായി പോളിംഗ് സ്റ്റേഷനുകളിൽ പ്രവേശിക്കുന്നതിന് നിർദ്ദിഷ്ട തിരിച്ചറിയൽ കാർഡോ, രേഖയോ ഹാജരാക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എൽ.എൽ.സി. ബുക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിയ്ക്ക് ആറുമാസകാലയളവിനു മുമ്പ് വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക് എന്നിവയിൽ ഏതെങ്കിലും ഒന്ന് പ്രിസൈഡിംഗ് ഓഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറുടേയോ മുമ്പാകെ ഹാജരക്കേണ്ടതാണ്.

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മുനിസിപ്പാലിറ്റി മണ്ഡലങ്ങൾ:- **തിരുവനന്തപുരം**:- വർക്കല-ടെമ്പിൾ, **പത്തനംതിട്ട**-തൈക്കാവ്, ബ്ലോക്ക് പഞ്ചായത്തുകൾ:- **കൊല്ലം**-മുഖത്തല-നെടുമ്പന, **ആലപ്പുഴ**-അമ്പലപ്പുഴ-വണ്ടാനം, **തൃശ്ശൂർ**-ഒല്ലൂക്കര-ചിറക്കാക്കോട്.

ഗ്രാമപഞ്ചായത്തുകൾ:- **കൊല്ലം**:-ക്ലാപ്പന ക്ലാപ്പന വടക്ക് എ, **പത്തനംതിട്ട**:- സീതത്തോട്-സീതക്കുഴി, **ആലപ്പുഴ**:-കൈനകരി-അറന്നുറുംപാടം, **കോട്ടയം**:- അയ്മനം-അയ്മനം, **ഇടുക്കി**:- മറയൂർ-പുതച്ചിവയൽ, **എറണാകുളം**:- കുട്ടമ്പുഴ-പൊയ്ക, എറണാകുളം- ശ്രീമൂലനഗരം-ശ്രീമൂലനഗരം സൗത്ത്, **തൃശ്ശൂർ**:- മാടക്കത്തറ-400 കെ.വി. സബ്സ്റ്റേഷൻ, കയ്പമംഗലം-സുഭാഷ്നഗർ, കൊരട്ടി-ദേവമാത, **പാലക്കാട്**:- തേങ്കുറിശ്ശി-ആനക്കുറ്റിപാറ പെരുമാട്ടി-കന്നിമാരി, പുതുപ്പരിയാരം-പൂച്ചിറ, **കണ്ണൂർ**:- ന്യൂമാഹി-ഏടന്നൂർ, **കാസർഗോഡ്**:-കുറ്റിക്കോൽ-പടുപ്പ്, കുമ്പള-പേരാതി.

*(എസ്.ഇ.സി. 93/2014*

## പഞ്ചായത്ത് പ്രസിഡന്റിന്റെ തിരഞ്ഞെടുപ്പ്

കോട്ടയം ജില്ലയിലെ പനച്ചിക്കാട്, കൊല്ലം ജില്ലയിലെ വെളിനല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെയും, എറണാകുളം ജില്ലയിലെ മൂവ്വാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിലെയും പ്രസിഡന്റ് സ്ഥാനത്തേയ്ക്കുള്ള തിരഞ്ഞെടുപ്പ് ഡിസംബർ മൂന്നിന് നടത്തുന്നതാണ്.

*(എസ്.ഇ.സി. 94/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

29th November 2014

## കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സ്ഥാപകദിനോഘോഷം ഡിസംബർ മൂന്നിന്

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ സ്ഥാപക ദിനാഘോഷം ഡിസംബർ മൂന്നിന് തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്നതാണ്. രാവിലെ 11 ന് തൈക്കാട് ഗവൺമെന്റ് ഗസ്റ്റ്ഹൗസിൽ നടക്കുന്ന സ്ഥാപകദിനാഘോഷ പരിപാടികൾ ഗവർണ്ണർ പി. സദാശിവം ഉദ്ഘാടനം ചെയ്യും. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ യോഗത്തിൽ അദ്ധ്യക്ഷനായിരിക്കും. ചീഫ് സെക്രട്ടറി ഇ.കെ. ഭരത് ഭൂഷൺ മുഖ്യപ്രഭാഷണം നടത്തുന്ന ചടങ്ങിൽ ചീഫ് ഇലക്ടറൽ ഓഫീസർ നളിനി നെറ്റോ, തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജയിംസ് വർഗ്ഗീസ് എന്നിവർ പ്രസംഗിക്കും. കമ്മീഷൻ സെക്രട്ടറി പി. ഗീത സ്വാഗതവും സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എ. അൻസാരി കൃതജ്ഞതയും ആശംസിക്കും. തുടർന്നുള്ള ചടങ്ങിൽ മികച്ച തിരഞ്ഞെടുപ്പ് നടപടിക്രമങ്ങളെ സംബന്ധിച്ച് കണ്ണൂർ ജില്ലാ കളക്ടർ പി. ബാലകിരണും ഭരണഘടനയുടെ 73, 74 ഭേദഗതികളുടെ പശ്ചാത്തലത്തിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രസക്തിയെ സംബന്ധിച്ച് അഡ്വ. മുരളീ പുരുഷോത്തമനും പ്രഭാഷണം നടത്തും.

*(എസ്.ഇ.സി. 92/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

22nd November 2014

## കൂറുമാറ്റം : ആനിക്കാട് ഗ്രാമപഞ്ചായത്തംഗത്തെ അയോഗ്യയാക്കി

കൂറുമാറ്റ നിരോധന നിയമപ്രകാരം പത്തനംതിട്ട ആനിക്കാട് ഗ്രാമപഞ്ചായത്തംഗം ഉഷാ ശശിയെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യയാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് അടുത്ത ആറുവർഷത്തേയ്ക്ക് ഇവർ മത്സരിക്കുന്നതും വിലക്കിയിട്ടുണ്ട്. ആനിക്കാട് ഗ്രാമപഞ്ചായത്തംഗമായ തോമസ് മാത്യു സമർപ്പിച്ച ഹർജിയിലാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വിധി.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ യു.ഡി.എഫിന് അനുകൂലമായി വോട്ട് ചെയ്യണമെന്ന പാർട്ടി വിപ്പ് ലംഘിച്ചതായും വൈസ്പ്രസിഡന്റിനെതിരെ എൽ.ഡി.എഫ് അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ അനുകൂലിച്ചുകൊണ്ടുള്ള നിലപാട് സ്വീകരിച്ചതുമായുള്ള ഹർജിക്കാരന്റെ വാദം കമ്മീഷൻ അംഗീകരിച്ചു. കേരള കോൺഗ്രസ്സ് (മാണി) വിഭാഗത്തിന്റെ സ്ഥാനാർത്ഥിയായാണ് ഉഷാ ശശി തിരഞ്ഞെടുപ്പിൽ മത്സരിച്ച് വിജയിച്ചത്.

*(എസ്.ഇ.സി. 91/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

21st November 2014

## വോട്ട് രേഖപ്പെടുത്തുന്നതിന് തിരിച്ചറിയൽ രേഖ വേണം

ഡിസംബർ രണ്ടിന് നടക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഉപതിരഞ്ഞെടുപ്പിന് വോട്ട് രേഖപ്പെടുത്തുന്നതിനായി പോളിംഗ് സ്റ്റേഷനുകളിൽ പ്രവേശിക്കുന്നതിന് നിർദ്ദിഷ്ട തിരിച്ചറിയൽ കാർഡോ, രേഖയോ ഹാജരാക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എൽ.എൽ.സി. ബുക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിയ്ക്ക് ആറുമാസകാലയളവിനു മുമ്പ് വരെ നൽകി യിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക് എന്നിവയിൽ ഏതെങ്കിലും ഒന്ന് പ്രിസൈഡിംഗ് ഓഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറുടേയോ മുമ്പാകെ ഹാജരക്കേണ്ടതാണ്.

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മുനിസിപ്പാലിറ്റി മണ്ഡലങ്ങൾ:- **തിരുവനന്തപുരം**:- വർക്കല-ടെമ്പിൾ, **പത്തനംതിട്ട**-തൈക്കാവ്, ബ്ലോക്ക് പഞ്ചായത്തുകൾ:- **കൊല്ലം**-മുഖത്തല-നെടുമ്പന, **ആലപ്പുഴ**-അമ്പലപ്പുഴ-വണ്ടാനം, **തൃശ്ശൂർ**-ഒല്ലൂക്കര-ചിറക്കാക്കോട്.

ഗ്രാമപഞ്ചായത്തുകൾ:- **കൊല്ലം**:-ക്ലാപ്പന ക്ലാപ്പന വടക്ക് എ, **പത്തനംതിട്ട**:- സീതത്തോട്-സീതക്കുഴി, **ആലപ്പുഴ**:-കൈനകരി-അറന്നുറുംപാടം, **കോട്ടയം**:- അയ്മനം-അയ്മനം, **ഇടുക്കി**:- മറയൂർ-പുതച്ചിവയൽ, **എറണാകുളം**:- കുട്ടമ്പുഴ-പൊയ്ക, എറണാകുളം- ശ്രീമൂലനഗരം-ശ്രീമൂലനഗരം സൗത്ത്, **തൃശ്ശൂർ**:- മാടക്കത്തറ-400 കെ.വി. സബ്സ്റ്റേഷൻ, കയ്പമംഗലം-സുഭാഷ്നഗർ, കൊരട്ടി-ദേവമാത, **പാലക്കാട്**:- തേങ്കുറിശ്ശി-ആനക്കുറ്റിപാറ പെരുമാട്ടി-കന്നിമാരി, പുതുപ്പരിയാരം-പൂച്ചിറ, **കണ്ണൂർ**:-ന്യൂമാഹി-ഏടന്നൂർ, **കാസർഗോഡ്**:-കുറ്റിക്കോൽ-പടുപ്പ്, കുമ്പള-പേരാതി.

*(എസ്.ഇ.സി. 90/2014)*

| GRAMS: KERELECOM<br>E-mail: electionker@gmail.com<br>Website: www.sec.kerala.gov.in | പത്രക്കുറിപ്പ് | TELEPHONE: 0471-2338288,2321233<br>FAX: 0471-2338288<br>0471-2334130 |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 19th November 2014 |


## സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ഹാജരാകാതിരുന്നതിന് അയോഗ്യനാക്കി

പത്തനംതിട്ട പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് അംഗം ജേക്കബ് ജോർജിനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യനാക്കി. ഗ്രാമപഞ്ചായത്തിലെ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി അംഗമായിരുന്ന ജേക്കബ് ജോർജ് അടുത്തടുത്ത മൂന്നു മാസങ്ങളിൽ നടന്ന കമ്മിറ്റി യോഗങ്ങളിൽ തുടർച്ചയായി മുന്നു തവണ ഹാജരാകാതിരുന്നതിനെ തുടർന്ന് കേരള പഞ്ചായത്ത് രാജ് ആക്ടിലെ 35 (കെ) വകുപ്പ് പ്രകാരമാണ് അയോഗ്യനാക്കപ്പെട്ടിട്ടുള്ളത്.

*(എസ്.ഇ.സി. 89/2014)*

GRAMS: KERELECOM
E-mail: electionker@gmail.com
Website: www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE: 0471-2338288,2321233
FAX: 0471-2338288
0471-2334130

31st October 2014

## തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പ് വിജ്ഞാപനം നവംബർ ഒന്നിന്

ഡിസംബർ രണ്ടിന് നടക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഉപതിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നാളെ (നവംബർ ഒന്ന്) പുറപ്പെടുവിയ്ക്കുന്നതാണ്. മുനിസിപ്പാലിറ്റി വാർഡുകളിലെ രണ്ടും, ബ്ലോക്ക് പഞ്ചായത്തുകളിലെ മൂന്നും ഗ്രാമപഞ്ചായത്തുകളിലെ പതിനാറും വാർഡുകളിലേയ്ക്കാണ് ഉപതിരഞ്ഞെടുപ്പ്.

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മുനിസിപ്പാലിറ്റി മണ്ഡലങ്ങൾ:- **തിരുവനന്തപുരം**:- വർക്കല-ടെമ്പിൾ, **പത്തനംതിട്ട**-തൈക്കാവ്, ബ്ലോക്ക് പഞ്ചായത്തുകൾ:- **കൊല്ലം**-മുഖത്തല-നെടുമ്പന, **ആലപ്പുഴ**-അമ്പലപ്പുഴ-വണ്ടാനം, **തൃശ്ശൂർ**-ഒല്ലൂക്കര-ചിറക്കാക്കോട്.

ഗ്രാമപഞ്ചായത്തുകൾ:- **കൊല്ലം**:-ക്ലാപ്പന ക്ലാപ്പന വടക്ക് എ, **പത്തനംതിട്ട**:- സീതത്തോട്-സീതക്കുഴി, **ആലപ്പുഴ**:-കൈനകരി-അറന്നൂറുംപാടം, **കോട്ടയം**:- അയ്മനം-അയ്മനം, **ഇടുക്കി**:- മറയൂർ-പുതച്ചിവയൽ, **എറണാകുളം**:- കുട്ടമ്പുഴ-പൊയ്ക, എറണാകുളം- ശ്രീമൂലനഗരം-ശ്രീമൂലനഗരം സൗത്ത്, **തൃശ്ശൂർ**:- മാടക്കത്തറ-400 കെ.വി. സബ്സ്റ്റേഷൻ, കയ്പമംഗലം-സുഭാഷ്നഗർ, കൊരട്ടി-ദേവമാത, **പാലക്കാട്**:- തേങ്കുറിശ്ശി-ആനക്കുറ്റിപാറ പെരുമാട്ടി-കന്നിമാരി, പുതുപ്പരിയാരം-പൂച്ചിറ, **കണ്ണൂർ**:-ന്യൂമാഹി-ഏടന്നൂർ, **കാസർഗോഡ്**:-കുറ്റിക്കോൽ-പടുപ്പ്, കുമ്പള-പേരാതി.

തിരഞ്ഞെടുപ്പ് വിജ്ഞാപന തീയതി പ്രസിദ്ധപ്പെടുത്തിയ ഒക്ടോബർ 31 മുതൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാതൃകാപെരുമാറ്റച്ചട്ടം നിലവിൽ വന്നിട്ടുണ്ട്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ഒട്ടാകെയും, ബ്ലോക്ക് പഞ്ചായത്തുകളിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിലും, നഗരസഭകളിൽ തിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലം ഉൾപ്പെടുന്ന പ്രദേശത്തുമാണ് പെരുമാറ്റച്ചട്ടം പ്രാബല്യത്തിലുള്ളത്.

*(എസ്.ഇ.സി. 88/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

21st October 2014

## കൂറുമാറ്റ ഹർജികളിന്മേൽ വിധി പ്രസ്താവിച്ചു

മലപ്പുറം താനാളൂർ ഗ്രാമപഞ്ചായത്തിലെ അംഗമായ മാളിയേക്കൽ സുജാതയെ കൂറുമാറ്റ നിരോധനനിയമപ്രകാരം അയോഗ്യയാക്കണമെന്ന അതെ ഗ്രാമപഞ്ചായത്ത് അംഗമായ കെ.വി. ഖാലിദിന്റെ ഹർജി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അംഗീകരിച്ചു. യു.ഡി.എഫിന്റെ പിന്തുണയോടെ വിജയിച്ച സ്വതന്ത്ര സ്ഥാനാർത്ഥിയായ സുജാത പഞ്ചായത്ത് പ്രസിഡന്റിനും വൈസ് പ്രസിഡന്റിനും എതിരെ എൽ.ഡി.എഫ് അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ പാർലമെന്ററി പാർട്ടി വിപ്പ് ലംഘിച്ച് അനുകൂലിച്ചതിനാണ് അയോഗ്യത കൽപ്പിച്ചിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് ആറു വർഷത്തേയ്ക്ക് വിലക്കിയിട്ടുമുണ്ട്.

താനാളൂർ ഗ്രാമപഞ്ചായത്തിലെ മറ്റൊരു അംഗമായ പുല്ലൂന്നി ഫാത്തിമയെ കൂറുമാറ്റ നിരോധന നിയമപ്രകാരം അയോഗ്യയാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കെ.വി. ഖാലിദ് സമർപ്പിച്ച മറ്റൊരു ഹർജി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ തള്ളി. ഇന്ത്യൻ നാഷണൽ ലീഗ് സ്ഥാനാർത്ഥിയായി മത്സരിച്ച് വിജയിച്ച ഫാത്തിമ യു.ഡി.എഫ് വിപ്പ് നൽകിയ നിർദ്ദേശം ലംഘിച്ച് പഞ്ചായത്ത് പ്രസിഡന്റിനും വൈസ് പ്രസിഡന്റിനും എതിരെ എൽ.ഡി.എഫ് അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ പിന്തുണച്ചുവെന്നായിരുന്നു ഹർജിക്കാരന്റെ പരാതി. എന്നാൽ ഇന്ത്യൻ നാഷണൽ ലീഗ് നൽകിയ നിർദ്ദേശം പാലിച്ച് നിലപാട് സ്വീകരിച്ച ഫാത്തിമയുടെ നടപടി കൂറുമാറ്റ നിരോധനനിയമപ്രകാരം അയോഗ്യതയ്ക്കുള്ള കാരണമല്ലെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വിധിച്ചു. ഒരു മുന്നണിയുടെ സഹായത്തോടെ വിജയിച്ച സ്ഥാനാർത്ഥിക്കുമാത്രമേ ആ മുന്നണിയുടെ പാലമെന്ററി പാർട്ടിയുടെ വിപ്പ് നൽകാനാകൂവെന്നും ഒരു രാഷ്ട്രീയ കക്ഷിയുടെ സ്ഥാനാർത്ഥിക്കു പാർലമെന്ററി പാർട്ടി വിപ്പ് നൽകാനാകില്ലെന്നും കമ്മീഷണർ ചൂണ്ടിക്കാട്ടി.

ഹർജിക്കാരനുവേണ്ടി അഡ്വക്കേറ്റുമാരായ എം. ഹാഷിം ബാബുവും, എസ്. സജിയും ഹാജരായി. എതിർ കക്ഷികൾക്കുവേണ്ടി അഡ്വ. അബ്ദുൾ ഷുക്കൂർ അറയ്ക്കലാണ് ഹാജരായത്.

*(എസ്.ഇ.സി. 87/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

17th October 2014

## കായംകുളം മുനിസിപ്പാലിറ്റി ഡെപ്യൂട്ടി ചെയർപേഴ്സൺ തിരഞ്ഞെടുപ്പ്

കായംകുളം മുനിസിപ്പാലിറ്റി ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനത്തേയ്ക്കുള്ള തിരഞ്ഞെടുപ്പ് ഒക്ടോബർ 20-ന് നടത്തുന്നതാണ്.

*(എസ്.ഇ.സി. 81/2014)*

## അങ്കമാലി മുനിസിപ്പാലിറ്റി ചെയർപേഴ്സൺ തിരഞ്ഞെടുപ്പ്

അങ്കമാലി മുനിസിപ്പാലിറ്റി ചെയർപേഴ്സൺ സ്ഥാനത്തേയ്ക്കുള്ള തിരഞ്ഞെടുപ്പ് ഒക്ടോബർ 20 -ന് നടത്തുന്നതാണ്.

*(എസ്.ഇ.സി. 82/2014)*

## കേളകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ് (കണ്ണൂർ ജില്ല)

കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേയ്ക്കുള്ള തിരഞ്ഞെടുപ്പ് ഒക്ടോബർ 20-ന് നടത്തുന്നതാണ്.ഇന്ന്

*(എസ്.ഇ.സി. 83/2014)*

## കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു (ഇടുക്കി ജില്ല)

ഇടുക്കി ബ്ലോക്ക് പഞ്ചായത്തിലെ കാമാക്ഷി നിയോജകമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിനോടനു ബന്ധിച്ച് കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു. ബന്ധപ്പെട്ട ഗ്രാമ, ബ്ലോക്ക്, വില്ലേജ്, താലൂക്ക് ഓഫീസുകളിൽ പട്ടിക പരിശോധിക്കാം. ഒക്ടോബർ 25 വരെ കരട് പട്ടികയിന്മേലുള്ള അവകാശങ്ങളും ആക്ഷേപങ്ങളും സ്വീകരിക്കുന്നതാണ്.

*(എസ്.ഇ.സി. 84/2014)*

## കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു (കോട്ടയം ജില്ല)

ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലെ പെരുന്ന അമ്പലം ഉപതിരഞ്ഞെടുപ്പിനോടനു ബന്ധിച്ച് കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു. ബന്ധപ്പെട്ട ഗ്രാമ, ബ്ലോക്ക്, വില്ലേജ്, താലൂക്ക് ഓഫീസുകളിൽ പട്ടിക പരിശോധിക്കാം. ഒക്ടോബർ 28 വരെ കരട് പട്ടികയിന്മേലുള്ള അവകാശങ്ങളും ആക്ഷേപങ്ങളും സ്വീകരിക്കുന്നതാണ്.

*(എസ്.ഇ.സി. 85/2014)*

## കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു (പത്തനംതിട്ട ജില്ല)

പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിലെ കിടങ്ങേത്ത് നിയോജകമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിനോടനു ബന്ധിച്ച് കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു. ബന്ധപ്പെട്ട ഗ്രാമ, ബ്ലോക്ക്, വില്ലേജ്, താലൂക്ക് ഓഫീസുകളിൽ പട്ടിക പരിശോധിക്കാം. ഒക്ടോബർ 30 വരെ കരട് പട്ടികയിന്മേലുള്ള അവകാശങ്ങളും ആക്ഷേപങ്ങളും സ്വീകരിക്കുന്നതാണ്.

*(എസ്.ഇ.സി. 86/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

15th October 2014

## തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പ് ഫലങ്ങൾ

തദ്ദേശസ്വയംഭരണസ്ഥാപന വാർഡുകളിലേക്ക് ഇന്നലെ (ഒക്ടോബർ 14) നടന്ന ഉപ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന് എട്ടും, യു.ഡി.എഫിന് ഏഴും, ബി.ജെ.പിക്ക് ഒരു സീറ്റും ലഭിച്ചു. പന്ത്രണ്ട് ഗ്രാമ പഞ്ചായത്ത് വാർഡുകളിൽ എൽ.ഡി.എഫിന് ആറും, യു.ഡി.എഫിന് അഞ്ചും, ബി.ജെ.പിക്ക് ഒരു സീറ്റും ലഭിച്ചു. ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും മുനിസിപ്പാലിറ്റി വാർഡുകളിലും എൽ.ഡി.എഫിനും യു.ഡി.എഫിനും ഒരോ സീറ്റു വീതമാണ് ലഭിച്ചത്. വിജയിച്ച സ്ഥാനാർത്ഥികൾ കക്ഷിബന്ധം ഭൂരിപക്ഷം, മണ്ഡലം എന്നിവ ചുവടെ:

**ഗ്രാമപഞ്ചായത്തുകൾ**: തിരുവനന്തപുരം:കരവാരം എതുക്കാട് - എം.സവാദ്ഖാൻ (സി.പി.എം)- 8, കൊല്ലം: മൈലം പള്ളിക്കൽ വടക്ക് - പ്രസന്നകുമാർ (സി.പി.എം) - 120, ഇടമുളയ്ക്കൽ പൊടിയാട്ടുവിള- സി. ശ്രീലക്ഷ്മി (സി.പി.ഐ)- 171, നെടുവത്തൂർ കുറുമ്പാലൂർ - കെ. ചിത്തിരലാൽ (സി.പി.എം)-26, പത്തനംതിട്ട: പള്ളിക്കൽ തെങ്ങുംതാര - റോസമ്മ സെബാസ്റ്റ്യൻ (ഐ.എൻ.സി) -24, കോട്ടയം: കടുത്തുരുത്തി എഴുമാന്തുരുത്ത് - പ്രഭാകരൻ (സി.പി.എം) - 275, കോട്ടയം കുറിച്ചി ഇളങ്കാവ് - വൽസല കുമാരി (ബി.ജെ.പി) - 125, പാലക്കാട്: കടമ്പഴിപ്പുറം അഴിയന്നൂർ- എം. മണികണ്ഠൻ (ഐ.എൻ.സി)- 50, മലപ്പുറം: പള്ളിക്കൽ തറയിട്ടാൽ - കാലൂർ നസ്രത്ത് (ഐ.യു.എം.എൽ) - 318, വയനാട്: സുൽത്താൻ ബത്തേരി പൂമല - സലീം മടത്തിൽ (സി.പി. എം) -270, കണ്ണൂർ: ഉളിക്കൽ മാട്ടറ - ഷാജു സി (ഐ.എൻ.സി) 156, ധർമ്മടം നരിവയൽ - അജിത (ഐ.എൻ.സി) - 156.

ബ്ലോക്ക് പഞ്ചായത്തുകളിൽ പത്തനംതിട്ട പറക്കോട് പള്ളിക്കൽ മണ്ഡലത്തിൽ സി.പി.എമ്മിലെ സുലേഖ - 485 ഉം, പാലക്കാട് അട്ടപ്പാടി ചെമ്മണ്ണൂർ മണ്ഡലത്തിൽ കേരള കോൺഗ്രസ് (ജെ)യിലെ വിജയദേവി 553 വോട്ടുകൾക്ക് വിജയിച്ചു.

നഗരസഭകളിൽ ആലുവായിലെ മുനിസിപ്പൽ ഓഫീസ് - ആനന്ദ് ജോർജ്ജ് (ഐ.എൻ.സി) - 141), ഷൊർണ്ണൂരിലെ ആരാണി - ഉഷാദേവി (സി.പി.എം) - 141 എന്നിവരും വിജയിച്ചു.

*(എസ്.ഇ.സി. 80/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

14th October 2014

**തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പ് : ശരാശരി പോളിംഗ് ശതമാനം 64.10,**

**ഏറ്റവും മികച്ച പോളിംഗ് കടുത്തുരുത്തി ഗ്രാമപഞ്ചായത്തിൽ**

ഇന്ന് (ഒക്ടോബർ 14) നടന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഉപതിരഞ്ഞെടുപ്പിൽ ശരാശരി 64.10 ശതമാനം പോളിംഗ് രേഖപ്പെടുത്തി. കോട്ടയം ജില്ലയിലെ കടുത്തുരുത്തി ഗ്രാമപഞ്ചായത്തിലെ എഴുമാന്തുരുത്ത് മണ്ഡല ത്തിൽ ഏറ്റവും മികച്ച പോളിംഗ് ശതമാനമായ 86.11 രേഖപ്പെടുത്തി. ഏറ്റവും കുറഞ്ഞ പോളിംഗ് ശതമാനമായ 44.43 പാല ക്കാട് അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിലെ മണ്ഡലത്തിലാണ് രേഖപ്പെടുത്തിയത്. ഉപതിരഞ്ഞെടുപ്പ് നടന്ന മണ്ഡലങ്ങൾ പോളിംഗ് ശതമാനം ബ്രാക്കറ്റിൽ.

**ഗ്രാമപഞ്ചായത്തുകൾ**: തിരുവനന്തപുരം:കരവാരം-എതുക്കാട് (72.85), കൊല്ലം: മൈലം-പള്ളിക്കൽ വടക്ക് (77.81), ഇടമുളയ്ക്കൽ-പൊടിയാട്ടുവിള (71.32), നെടുവത്തൂർ-കുറുമ്പാലൂർ (74.39), പത്തനംതിട്ട: പള്ളിക്കൽ-തെങ്ങും താര (64.16), കോട്ടയം: കടുത്തുരുത്തി-എഴുമാന്തുരുത്ത് (86.11), കോട്ടയം കുറിച്ചി-ഇളങ്കാവ് (80.29), പാലക്കാട്: കടമ്പ ഴിപ്പുറം-അഴിയന്നൂർ (85.19), മലപ്പുറം: പള്ളിക്കൽ-തറയിട്ടാൽ (54.34), വയനാട്: സുൽത്താൻ ബത്തേരി-പൂമല (80.08), കണ്ണൂർ: ഉളിക്കൽ-മാട്ടറ (59.20), ധർമ്മടം-നരിവയൽ (86.1).

ബ്ലോക്ക് പഞ്ചായത്തുകളിൽ പത്തനംതിട്ട പറക്കോട് പള്ളിക്കൽ മണ്ഡലത്തിൽ 55.19 ഉം, പാലക്കാട് അട്ടപ്പാടി ചെമ്മണ്ണൂർ മണ്ഡലത്തിൽ 44.43 ശതമാനം പോളിംഗ് രേഖപ്പെടുത്തി.

ആലുവായിലെ മുനിസിപ്പൽ ഓഫീസ് (82.25), ഷൊർണ്ണൂരിലെ ആരാണി (71.14) എന്നിവയാണ് ഉപതിരഞ്ഞെടുപ്പ് നടന്ന മുനിസിപ്പാലിറ്റി മണ്ഡലങ്ങൾ.

വോട്ടെണ്ണൽ നാളെ (ഒക്ടോബർ 15) രാവിലെ എട്ടു മണിയ്ക്ക് ആരംഭിക്കും.

*(എസ്.ഇ.സി. 76/2014)*

**പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ് (കോട്ടയം ജില്ല)**

കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേയ്ക്കുള്ള തിരഞ്ഞെടുപ്പ് ഇന്ന് (ഒക്ടോബർ 15)-ന് നടത്തുന്നതാണ്.

*(എസ്.ഇ.സി. 77/2014)*

**പൊരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ് (മലപ്പുറം ജില്ല)**

മലപ്പുറം ജില്ലയിലെ പോരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേയ്ക്കുള്ള തിരഞ്ഞെടുപ്പ് ഇന്ന് (ഒക്ടോബർ 15) -ന് നടത്തുന്നതാണ്.

*(എസ്.ഇ.സി. 78/2014)*

**തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പ് ഫലങ്ങൾ**

തദ്ദേശസ്വയംഭരണ സ്ഥാപന വാർഡുകളിലേക്ക് ഇന്നലെ (ഒക്ടോബർ 14) നടന്ന ഉപ തിരഞ്ഞെടുപ്പിൽ എൽ.ഡി. എഫിന് എട്ടും, യു.ഡി.എഫിന് ഏഴും, ബി.ജെ.പിക്ക് ഒരു സീറ്റും ലഭിച്ചു. പന്ത്രണ്ട് ഗ്രാമപഞ്ചായത്ത് വാർഡുകളിൽ എൽ. ഡി.എഫിന് ആറും, യു.ഡി.എഫിന് അഞ്ചും, ബി.ജെ.പിക്ക് ഒരു സീറ്റും ലഭിച്ചു. ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും

*(എസ്.ഇ.സി. 79/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

10th October 2014

## വോട്ട് രേഖപ്പെടുത്തുന്നതിന് തിരിച്ചറിയൽ രേഖ വേണം

ഒക്ടോബർ 14 ന് നടക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഉപതിരഞ്ഞെടുപ്പിന് വോട്ട് രേഖപ്പെടുത്തുന്നതിനായി പോളിംഗ് സ്റ്റേഷനുകളിൽ പ്രവേശിക്കുന്നതിന് നിർദ്ദിഷ്ട തിരിച്ചറിയൽ കാർഡോ, രേഖയോ ഹാജരാക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എൽ.എൽ.സി. ബുക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിയ്ക്ക് ആറുമാസകാലയളവിനു മുമ്പ് വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക് എന്നിവയിൽ ഏതെങ്കിലും ഒന്ന് പ്രിസൈഡിംഗ് ഓഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറുടേയോ മുമ്പാകെ ഹാജരക്കേണ്ടതാണ്.

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന ഗ്രാമപഞ്ചായത്ത് മണ്ഡലങ്ങൾ: തിരുവനന്തപുരം: കരവാരം-എതുക്കാട്, കൊല്ലം: മൈലം-പള്ളിക്കൽ വടക്ക്, ഇടമുളയ്ക്കൽ-പൊടിയാട്ടുവിള, നെടുവത്തൂർ-കുറുമ്പാലൂർ, പത്തനംതിട്ട: പള്ളിക്കൽ-തെങ്ങുംതാര, കോട്ടയം: കടുത്തുരുത്തി-എഴുമാന്തുരുത്ത്, കോട്ടയം കുറിച്ചി-ഇളങ്കാവ്, പാലക്കാട്: കടമ്പഴിപ്പുറം-അഴിയന്നൂർ, മലപ്പുറം: പള്ളിക്കൽ-തറയിട്ടാൽ, വയനാട്: സുൽത്താൻ ബത്തേരി-പൂമല, കണ്ണൂർ: ഉളിക്കൽ-മാട്ടറ, ധർമ്മടം-നരിവയൽ. ആലുവായിലെ മുനിസിപ്പൽ ഓഫീസ്, ഷൊർണ്ണൂരിലെ ആരാണി എന്നിവയാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മുനിസിപ്പാലിറ്റി മണ്ഡലങ്ങൾ.

പത്തനംതിട്ട പറക്കോടിലെ പള്ളിക്കൽ, പാലക്കാട് അട്ടപ്പാടിയിലെ ചെമ്മണ്ണൂർ എന്നിവയാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന ബ്ലോക്ക് പഞ്ചായത്ത് മണ്ഡലങ്ങൾ.

*(എസ്.ഇ.സി. 72/2014)*

## പന്തളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ് (പത്തനംതിട്ട ജില്ല)

പത്തനംതിട്ട ജില്ലയിലെ പന്തളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേയ്ക്കുള്ള തിരഞ്ഞെടുപ്പ് ഒക്ടോബർ 13-ന് നടത്തുന്നതാണ്.

*(എസ്.ഇ.സി. 73/2014)*

## മാടപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ് (കോട്ടയം ജില്ല)

കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേയ്ക്കുള്ള തിരഞ്ഞെടുപ്പ് ഒക്ടോബർ 13-ന് നടത്തുന്നതാണ്.

*(എസ്.ഇ.സി. 74/2014)*

## കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു (കാസർഗോഡ് ജില്ല)

കാസർഗോഡ് ജില്ലയിലെ അജാനൂർ ഗ്രാമപഞ്ചായത്തിലെ ചിത്താരി നിയോജകമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു. ബന്ധപ്പെട്ട ഗ്രാമ, ബ്ലോക്ക്, വില്ലേജ്, താലൂക്ക് ഓഫീസുകളിൽ പട്ടിക പരിശോധിക്കാം. ഒക്ടോബർ 23 വരെ കരട് പട്ടികയിന്മേലുള്ള അവകാശങ്ങളും ആക്ഷേപങ്ങളും സ്വീകരിക്കുന്നതാണ്.

*(എസ്.ഇ.സി. 75/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

30th September 2014

## ഫോട്ടോ പതിച്ച വോട്ടർപട്ടിക തയ്യാറാക്കൽ: ഫീൽഡ് വെരിഫിക്കേഷൻ നാളെ ആരംഭിക്കും

അടുത്ത വർഷം നടക്കുന്ന പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കുവാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചു. ഇതിനായുള്ള ഫീൽഡ് വെരിഫിക്കേഷൻ നാളെ (ഒക്ടോബർ ഒന്ന്) ആരംഭിക്കും. വോട്ടർപട്ടിക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ചുമതലകൾ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കാണ്. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റികളിൽ ബന്ധപ്പെട്ട സെക്രട്ടറിമാർക്കും കോർപ്പറേഷനുകളിൽ അഡീഷണൽ സെക്രട്ടറിമാർക്കുമാണ് ഇതിന്റെ ചുമതല വരുന്നത്. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ, അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ, സെക്ഷൻ ക്ലാർക്കുമാർ എന്നിവർക്ക് ജില്ലാതലത്തിൽ പരിശീലന പരിപാടികൾ പൂർത്തിയായിട്ടുണ്ട്. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരാണ് ഈ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളത്. ഹൗസ് വെരിഫിക്കേഷൻ ഓഫീസർമാർക്കുള്ള പരിശീലനം ഓരോ സ്ഥാപനത്തിലേയും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരാണ് നടത്തുന്നത്. ഈ പരിശീലന പരിപാടി ഇന്ന് പൂർത്തിയാകും. ഒരു മാസക്കാലയളവിൽ അവധി ദിവസങ്ങളിലും ഓഫീസ് പ്രവർത്തന സമയമല്ലാത്തപ്പോഴും ആണ് വെരിഫിക്കേഷൻ നടത്തേണ്ടത്. വെരിഫിക്കേഷന് ചുമതലപ്പെടുത്തിയിട്ടുള്ളവർക്ക് വാർഡ്, വീട്ട് നമ്പരുകൾ ചേർക്കാൻ മാത്രമാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. വെരിഫിക്കേഷനും ഡാറ്റാ എൻട്രിയും പൂർത്തിയാകുന്ന മുറയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡുകളിലേയ്ക്ക് അവ ക്രമീകരിക്കുന്നു. തുടർന്ന് ഓരോ വാർഡും ഉൾപ്പെടുന്ന പോളിംഗ് ബൂത്തുകൾക്കനുസരിച്ച് അവ ഭാഗങ്ങളാക്കും. സംസ്ഥാനത്ത് ആദ്യമായിട്ടാണ് എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടേയും വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കുന്നത്.

ഇതിന്റെ പ്രാരംഭമായി കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയിൽ 2012 ൽ നടന്ന പൊതു തിരഞ്ഞെടുപ്പിൽ ഫോട്ടോ പതിച്ച വോട്ടർപട്ടികയാണ് കമ്മീഷൻ ഉപയോഗിച്ചിരുന്നത്. സുഗമവും നീതിയുക്തവുമായ തിരഞ്ഞെടുപ്പിന് കൃത്യതയുള്ളതും കുറ്റമറ്റതുമായ വോട്ടർ പട്ടിക വളരെ അനിവാര്യമാണ്. അടുത്ത പൊതു തിരഞ്ഞെടുപ്പിൽ സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഫോട്ടോ പതിച്ച വോട്ടർപട്ടികയാണ് ഉപയോഗിക്കുന്നത്.

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ 2014-ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഉപയോഗിച്ച അസംബ്ലി വോട്ടർപട്ടിക അടിസ്ഥാനമാക്കിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വോട്ടർപട്ടികകൾ തയ്യാറാക്കുന്നത്. ഇവ അസംബ്ലി നിയോജകമണ്ഡലങ്ങളിലെ പോളിംഗ് ബൂത്തുകളുടെ അടിസ്ഥാനത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളിലായി 16,650 വാർഡുകളും മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലായി 2,575 വാർഡുകളുമാണ് നിലവിലുള്ളത്. എന്നാൽ സംസ്ഥാനത്ത് നിലവിലുള്ള അസംബ്ലി ബൂത്തുകളുടെ എണ്ണം 21,420 ആണ്. അതിനാൽ ഒരു അസംബ്ലി ബൂത്തിൽ ഒന്നിലധികം ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ വാർഡുകളിലെ വോട്ടർമാർ ഉൾപ്പെട്ട് വരാം. അസംബ്ലി ബൂത്ത് പട്ടികകൾ തദ്ദേശസ്വയംഭരണ വാർഡുകളിലേയ്ക്ക് ക്രമീകരിക്കുന്നതിന് നിലവിലെ വാർഡു നമ്പരും വീട്ടു നമ്പരും അനിവാര്യമാണ്.

അസംബ്ലി വോട്ടർപട്ടികയിലുള്ള എല്ലാ വോട്ടർമാർക്കും വാർഡ് നമ്പരും വീട്ട് നമ്പരും രേഖപ്പെടുത്തുന്നതിന് ഓരോ ബൂത്തിലേയ്ക്കും ഹൗസ് വെരിഫിക്കേഷൻ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. അംഗൻവാടി വർക്കർമാരേയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ജീവനക്കാരേയോ ആണ് ഇതിലേയ്ക്ക് നിയോഗിച്ചിട്ടുള്ളത്. ഇവരെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ അംഗീകാരത്തോടെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരാണ് നിയമിച്ചിട്ടുള്ളത്.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ടത് പ്രകാരം വോട്ടർപട്ടികകൾ ഫോട്ടോ പതിച്ച് തയ്യാറാക്കുന്നതിനുള്ള ഡാറ്റാ ബേസ് കേരള ചീഫ് ഇലക്ടറൽ ഓഫീസർ ലഭ്യമാക്കി. 01.01.2014 യോഗ്യതാ തീയതിയായി നിശ്ചയിച്ചിട്ടുള്ള വോട്ടർപട്ടികയാണ് ലഭ്യമാക്കിയിട്ടുള്ളത്. 2014 ആഗസ്റ്റ് 15 വരെയുള്ള ഭേദഗതികൾ വരുത്തിയാണ് ഡാറ്റാ ബേസ് ലഭിച്ചത്. വോട്ടർപട്ടിക തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ് വെയർ ഉൾപ്പെടെയുള്ള സാങ്കേതിക സഹായം ലഭ്യമാക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി) ആണ്. ഓൺലൈനിലൂടെയാണ് അസംബ്ലി ബൂത്ത് പട്ടികകൾ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ലഭ്യമാക്കുന്നത്.

ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ വാർഡുകളിലേയ്ക്ക് / നിയോജകമണ്ഡലങ്ങളിലേയ്ക്ക് മേൽ പറഞ്ഞ പ്രകാരം ക്രമീകരിക്കുന്ന വോട്ടർപട്ടികകൾ കരടായി പ്രസിദ്ധീകരിക്കും. ഇതിനുള്ള തീയതി കമ്മീഷൻ പിന്നാലെ നിശ്ചയിക്കുന്നതാണ്. കരട് വോട്ടർപട്ടിക സംബന്ധിച്ച് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരെ ചുമതലപ്പെടുത്തും. കരട് വോട്ടർപട്ടികയിൽ പുതുയതായി പേരുകൾ ഉൾപ്പെടുത്തുന്നതിനും നീക്കം ചെയ്യുന്നതിനും ഭേദഗതികൾ വരുത്തുന്നതിനും കേരള പഞ്ചായത്ത് രാജ്, കേരള മുനിസിപ്പാലിറ്റി ആക്ടുകളിലെ നിയമങ്ങൾക്കും അനുബന്ധ ചട്ടങ്ങൾക്കും വിധേയമായി തുടർനടപടികൾസ്വീകരിക്കുന്നതിനും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് കമ്മീഷൻ യഥാസമയം നിർദ്ദേശം നൽകുന്നതാണ്. ഇത്തരത്തിൽ തയ്യാറാക്കുന്ന ഫോട്ടോ പതിച്ച വോട്ടർപട്ടികയാണ് 2015 ലെ പൊതു തിരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്നത്.

*(എസ്.ഇ.സി. 71/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

**22nd September 2014**

## തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പ് : നാമനിർദ്ദേശപത്രികാ സമർപ്പണം 24 വരെ

ഒക്ടോബർ 14-ന് നടക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഉപ തിരഞ്ഞെടുപ്പിന് സെപ്റ്റംബർ 24 വരെ നാമനിർദ്ദേശപത്രിക സമർപ്പിക്കാം. സെപ്റ്റംബർ 25-ന് പത്രിക കളുടെ സൂക്ഷ്മപരിശോധന നടത്തും. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതി സെപ്റ്റംബർ 27 -ന് ആണ്. ഒക്ടോബർ 14-നാണ് തിരഞ്ഞെടുപ്പ്.

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന ഗ്രാമപഞ്ചായത്ത് മണ്ഡലങ്ങൾ: തിരുവനന്തപുരം: കരവാരം-എതുക്കാട്, കൊല്ലം: മൈലം-പള്ളിക്കൽ വടക്ക്, ഇടമുളയ്ക്കൽ-പൊടിയാട്ടുവിള, നെടുവത്തൂർ-കുറുമ്പാലൂർ, പത്തനംതിട്ട: പള്ളിക്കൽ-തെങ്ങുംതാര, കോട്ടയം: കടുത്തുരുത്തി-എഴുമാന്തുരുത്ത്, കോട്ടയം കുറിച്ചി-ഇളങ്കാവ്, പാലക്കാട്: കടമ്പഴിപ്പുറം-അഴിയന്നൂർ, മലപ്പുറം: പള്ളിക്കൽ-തറയിട്ടാൽ, വയനാട്: സുൽത്താൻ ബത്തേരി-പൂമല, കണ്ണൂർ: ഉളിക്കൽ-മാട്ടറ, ധർമ്മടം-നരിവയൽ. ആലുവായിലെ മുനിസിപ്പൽ ഓഫീസ്, ഷൊർണ്ണൂരിലെ ആരാണി എന്നിവയാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മുനിസിപ്പാലിറ്റി മണ്ഡലങ്ങൾ.

പത്തനംതിട്ട പറക്കോടിലെ പള്ളിക്കൽ, പാലക്കാട് അട്ടപ്പാടിയിലെ ചെമ്മണ്ണൂർ എന്നിവയാണ് ഉപ തിരഞ്ഞെടുപ്പ് നടക്കുന്ന ബ്ലോക്ക് പഞ്ചായത്ത് മണ്ഡലങ്ങൾ.

*(എസ്.ഇ.സി. 69/2014)*

## കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു

വർക്കല നഗരസഭയിലെ ടെമ്പിൾ നിയോജക മണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു. ബന്ധപ്പെട്ട വില്ലേജ്, താലൂക്ക്, നഗരസഭാ ഓഫീസുകളിൽ പട്ടിക പരിശോധിക്കാം. ഒക്ടോബർ 18 വരെ കരട് പട്ടികയിന്മേലുള്ള അവകാശങ്ങളും ആക്ഷേപങ്ങളും സ്വീകരിക്കുന്നതാണ്.

*(എസ്.ഇ.സി. 70/2014)*

| | | |
|---|---|---|
| GRAMS:<br>KERELECOM<br>E-mail:<br>electionker@gmail.com<br>Website:<br>www.sec.kerala.gov.in | **പത്രക്കുറിപ്പ്**<br><br>കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | TELEPHONE:<br>0471-2338288,2321233<br>FAX: 0471-2338288<br>0471-2334130<br><br>**17th September 2014** |

## തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പിന് വിജ്ഞാപനമായി

ഒക്ടോബർ 14-ന് നടക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഉപതിരഞ്ഞെടുപ്പിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് (സെപ്റ്റംബർ 17) വിജ്ഞാപനം പുറപ്പെടുവിച്ചു. 12 ഗ്രാമപഞ്ചായത്ത് മണ്ഡലങ്ങളിലും, രണ്ട് ബ്ലോക്ക് പഞ്ചായത്ത് മണ്ഡലങ്ങളിലും, രണ്ട് മുനിസിപ്പാലിറ്റി മണ്ഡലങ്ങളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടക്കുക.

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന ഗ്രാമപഞ്ചായത്ത് മണ്ഡലങ്ങൾ: **തിരുവനന്തപുരം**: കരവാരം-എതുക്കാട്, **കൊല്ലം**: മൈലം-പള്ളിക്കൽ വടക്ക്, ഇടമുളയ്ക്കൽ-പൊടിയാട്ടുവിള, നെടുവത്തൂർ-കുറുമ്പാലൂർ, **പത്തനംതിട്ട**: പള്ളിക്കൽ-തെങ്ങുംതാര, **കോട്ടയം**: കടുത്തുരുത്തി-എഴുമാന്തുരുത്ത്, കോട്ടയം കുറിച്ചി-ഇളങ്കാവ്, **പാലക്കാട്**: കടമ്പഴിപ്പുറം-അഴിയന്നൂർ, **മലപ്പുറം**: പള്ളിക്കൽ-തറയിട്ടാൽ, **വയനാട്**: സുൽത്താൻ ബത്തേരി-പൂമല, **കണ്ണൂർ**: ഉളിക്കൽ-മാട്ടറ, ധർമ്മടം-നരിവയൽ. ആലുവായിലെ മുനിസിപ്പൽ ഓഫീസ്, ഷൊർണ്ണൂരിലെ ആരാണി എന്നിവയാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മുനിസിപ്പാലിറ്റി മണ്ഡലങ്ങൾ.

പത്തനംതിട്ട പറക്കോടിലെ പള്ളിക്കൽ, പാലക്കാട് അട്ടപ്പാടിയിലെ ചെമ്മണ്ണൂർ എന്നിവയാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന ബ്ലോക്ക് പഞ്ചായത്ത് മണ്ഡലങ്ങൾ.

തിരഞ്ഞെടുപ്പ് വിജ്ഞാപനമായിട്ടുള്ള സാഹചര്യത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്ന തദ്ദേശംഭരണ സ്ഥാപനങ്ങളിൽ മാതൃകാപെരുമാറ്റച്ചട്ടം നിലവിൽ വന്നിട്ടുണ്ട്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ഒട്ടാകെയും, ബ്ലോക്ക് പഞ്ചായത്തുകളിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിലും, മറ്റുള്ളിടിത്ത് തിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലം ഉൾപ്പെടുന്ന പ്രദേശത്തുമാണ് പെരുമാറ്റച്ചട്ടം പ്രാബല്യത്തിലുള്ളത്.

*(എസ്.ഇ.സി. 68/2014)*

| GRAMS:<br>KERELECOM<br>E-mail:<br>electionker@gmail.com<br>Website:<br>www.sec.kerala.gov.in | **പത്രക്കുറിപ്പ്** | TELEPHONE:<br>0471-2338288,2321233<br>FAX: 0471-2338288<br>0471-2334130 |
|---|---|---|
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **16th September 2014** |

## സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ഹാജരാകാതിരുന്നതിന് അയോഗ്യയാക്കി

താൻ അംഗമായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തുടർച്ചയായ മൂന്നു മാസക്കാലയളവിൽ ചട്ടപ്രകാരം നടന്ന യോഗങ്ങളിൽ ഹാജരാകാതിരുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗത്തെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യയാക്കി. കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിലെ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗം കൂടിയായ സുവർണ്ണ കുമാരി അമ്മയ്ക്കാണ് അയോഗ്യത കൽപ്പിച്ചിട്ടുള്ളത്. ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിലെ വോട്ടറായ രാജേഷ്. എസ് ഇതു സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് നൽകിയ ഹർജിയിലാണ് ഇന്ന് (സെപ്റ്റംബർ 16) വിധി പ്രസ്താവിച്ചത്. ഹർജിക്കാരനുവേണ്ടി അഡ്വക്കേറ്റ് കെ. വിനയകുമാർ ഹാജരായി.

അംഗമായിരിക്കെ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് വിളിച്ചു ചേർക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ തുടർച്ചയായ മുന്നു മാസക്കാലയളവിൽ ഹാജരാകാതിരുന്നതിനാൽ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 35 (കെ) വകുപ്പ് പ്രകാരമാണ് സുവർണ്ണ കുമാരി അമ്മയെ അയോഗ്യയാക്കിയിട്ടുള്ളത്.

*(എസ്.ഇ.സി. 67/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

30th August 2014

## പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ഹാജരാകാതിരുന്ന അംഗത്തെ അയോഗ്യനാക്കി

താൻ അംഗമായിട്ടുള്ള ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തുടർച്ചയായുള്ള മൂന്ന് മാസക്കാലയളവിലുള്ള യോഗങ്ങളിൽ ഹാജരാകാതിരുന്ന ഗ്രാമപഞ്ചായത്ത് അംഗത്തെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യനാക്കി. മലപ്പുറം ജില്ലയിലെ തണലൂർ ഗ്രാമപഞ്ചായത്തംഗം എൻ. മുജീബിനാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ അയോഗ്യത കൽപ്പിച്ചത്. തണലൂർ ഗ്രാമപഞ്ചായത്തിലെ വോട്ടറായ എം.എം. അലി ഇതു സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനു നൽകിയ ഹർജിയിലാണ് ഇന്ന് (ആഗസ്റ്റ് 30) വിധി പ്രസ്താവിച്ചത്. ഹർജിക്കാരനു വേണ്ടി അഡ്വക്കേറ്റുമാരായ എം.ഹാഷിം ബാബുവും, എസ്. സജിതയും ഹാജരായി.

അംഗമായിരിക്കെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ തുടർച്ചയായുള്ള മൂന്ന് മാസക്കാലയളവിൽ ഹാജരാകാതിരുന്നതിനാൽ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 35 (കെ) വകുപ്പ് പ്രകാരമാണ് എൻ. മുജീബിനെ അയോഗ്യനാക്കിയിട്ടുള്ളത്.

*(എസ്.ഇ.സി. 65/2014)*

## കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു (ആലപ്പുഴ ജില്ല)

ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിലെ അറുനൂറ്റും പാടം നിയോജകമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. ബന്ധപ്പെട്ട ഗ്രാമ, ബ്ലോക്ക്, വില്ലേജ്, താലൂക്ക് ആഫീസുകളിൽ പട്ടിക പരിശോധിക്കാം. സെപ്റ്റംബർ 12 വരെ കരട് പട്ടികയിന്മേലുള്ള അവകാശങ്ങളും ആക്ഷേപങ്ങളും സ്വീകരിക്കുന്നതാണ്.

*(എസ്.ഇ.സി. 66/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

29th August 2014

## പാലക്കാട് മുനിസിപ്പാലിറ്റി ചെയർപേഴ്സൺ തിരഞ്ഞെടുപ്പ്

പാലക്കാട് മുനിസിപ്പാലിറ്റി ചെയർപേഴ്സൺ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് ഇന്ന് (ആഗസ്റ്റ് 30) നടത്തുന്നതാണ്.

*(എസ്.ഇ.സി. 62/2014)*

## കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു (പാലക്കാട് ജില്ല)

പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ ആനക്കുറ്റിപാറ നിയോജകമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. ബന്ധപ്പെട്ട ഗ്രാമ, ബ്ലോക്ക്, വില്ലേജ്, താലൂക്ക് ആഫീസുകളിൽ പട്ടിക പരിശോധിക്കാം. സെപ്റ്റംബർ 5 വരെ കരട് പട്ടികയിന്മേലുള്ള അവകാശങ്ങളും ആക്ഷേപങ്ങളും സ്വീകരിക്കുന്നതാണ്.

*(എസ്.ഇ.സി. 63/2014)*

## കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു (കൊല്ലം ജില്ല)

കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക് പഞ്ചായത്തിലെ നെടുമ്പന നിയോജകമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. ബന്ധപ്പെട്ട ഗ്രാമ, ബ്ലോക്ക്, വില്ലേജ്, താലൂക്ക് ആഫീസുകളിൽ പട്ടിക പരിശോധിക്കാം. സെപ്റ്റംബർ 12 വരെ കരട് പട്ടികയിന്മേലുള്ള അവകാശങ്ങളും ആക്ഷേപങ്ങളും സ്വീകരിക്കുന്നതാണ്.

*(എസ്.ഇ.സി. 64/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**25th August 2014**

## കൊല്ലങ്കോട് ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ് (പാലക്കാട് ജില്ല)

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേയ്ക്കുള്ള തിരഞ്ഞെടുപ്പ് ആഗസ്റ്റ് 27 – ന് നടത്തുന്നതാണ്.

*(എസ്.ഇ.സി. 56/2014)*

## ചവറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ് (കൊല്ലം ജില്ല)

കൊല്ലം ജില്ലയിലെ ചവറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേയ്ക്കുള്ള തിരഞ്ഞെടുപ്പ് ആഗസ്റ്റ് 27 – ന് നടത്തുന്നതാണ്.

*(എസ്.ഇ.സി. 57/2014)*

## ബൈസൺവാലി ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് തിരഞ്ഞെടുപ്പ് (ഇടുക്കി ജില്ല)

ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് സ്ഥാനത്തേയ്ക്കുള്ള തിരഞ്ഞെടുപ്പ് ആഗസ്റ്റ് 29 – ന് നടത്തുന്നതാണ്.

*(എസ്.ഇ.സി. 58/2014)*

## കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു (തൃശ്ശൂർ ജില്ല)

തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്ക്പഞ്ചായത്തിലെ ചിറക്കോട് നിയോജകമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു. ബന്ധപ്പെട്ട ഗ്രാമ, ബ്ലോക്ക്, വില്ലേജ്, താലൂക്ക് ഓഫീസുകളിൽ പട്ടിക പരിശോധിക്കാം. സെപ്റ്റംബർ അഞ്ചു വരെ കരട് പട്ടികയിന്മേലുള്ള അവകാശങ്ങളും ആക്ഷേപങ്ങളും സ്വീകരിക്കുന്നതാണ്.

*(എസ്.ഇ.സി. 59/2014)*

## കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു (എറണാകുളം ജില്ല)

എറണാകുളം ജില്ലയിലെ ആലുവ മുനിസിപ്പാലിറ്റിയിലെ സ്നേഹാലയം വാർഡിലെ ഉപതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു. ബന്ധപ്പെട്ട ഗ്രാമ, ബ്ലോക്ക്, വില്ലേജ്, താലൂക്ക് ഓഫീസുകളിൽ പട്ടിക പരിശോധിക്കാം. സെപ്റ്റംബർ അഞ്ചു വരെ കരട് പട്ടികയിന്മേലുള്ള അവകാശങ്ങളും ആക്ഷേപങ്ങളും സ്വീകരിക്കുന്നതാണ്.

*(എസ്.ഇ.സി. 60/2014)*

## കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു (പാലക്കാട് ജില്ല)

പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിലെ പൂച്ചിറ നിയോജകമണ്ഡലത്തിലും തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ ആനക്കുറ്റിപ്പാറ നിയോജകമണ്ഡലത്തിലും നടക്കുന്ന ഉപതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു. ബന്ധപ്പെട്ട ഗ്രാമ, ബ്ലോക്ക്, വില്ലേജ്, താലൂക്ക് ഓഫീസുകളിൽ പട്ടിക പരിശോധിക്കാം. സെപ്റ്റംബർ അഞ്ചു വരെ കരട് പട്ടികയിന്മേലുള്ള അവകാശങ്ങളും ആക്ഷേപങ്ങളും സ്വീകരിക്കുന്നതാണ്.

*(എസ്.ഇ.സി. 61/2014)*

| GRAMS:<br>KERELECOM<br>E-mail:<br>electionker@gmail.com<br>Website:<br>www.sec.kerala.gov.in | **പത്രക്കുറിപ്പ്** | TELEPHONE:<br>0471-2338288,2326148<br>FAX: 0471-2338288<br>0471-2334130 |
|---|---|---|
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **13th August 2014** |

## തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പ് ഫലം

സംസ്ഥാനത്തെ 26 തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് ആഗസ്റ്റ് 12-ന് നടന്ന ഉപതിരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന് 18 സീറ്റും യു.ഡി.എഫിന് എട്ടു സീറ്റും ലഭിച്ചു. വിവിധ ഗ്രാമപഞ്ചായത്തുകളിലെ 22 വാർഡുകളിൽ നടന്ന തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന് 15 സീറ്റും യു.ഡി.എഫിന് ഏഴ് സീറ്റും ലഭിച്ചു. നാലു മുനിസിപ്പാലിറ്റി വാർഡുകളിൽ രണ്ട് സ്വതന്ത്രൻമാരും ഓരോ സി.പി.എം, കോൺഗ്രസ്സ് സ്ഥാനാർത്ഥികളും വിജയിച്ചു. സ്വതന്ത്രരിൽ തിരുവല്ല മുനിസിപ്പാലിറ്റിയിലെ ഇരുവള്ളിപ്ര വാർഡിലെ സ്ഥാനാർത്ഥിക്ക് എൽ.ഡി.എഫിന്റേയും, ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ ബഥേൽ വാർഡിലെ സ്ഥാനാർത്ഥിക്ക് കേരള കോൺഗ്രസ്സിന്റേയും പിന്തുണയുണ്ടായിരുന്നു.

**മുനിസിപ്പാലിറ്റികളിൽ വിജയിച്ചവരും ഭൂരിപക്ഷവും:** തിരുവല്ല ഇരുവള്ളിപ്ര- ബിജി പ്രസന്നൻ (എൽ.ഡിഎഫ്. സ്വത)-209, ചെങ്ങന്നൂർ ബഥേൽ- തോമസ് വർഗ്ഗീസ് (കേരള കോൺഗ്രസ്സ് സ്വത.) -175, പെരുമ്പാവൂർ- തുരുത്തിപ്പറമ്പ് സ്മിതാ ഉണ്ണികൃഷ്ണൻ (സി.പി.എം)-73, പൊന്നാനി വെൽഫയർ- എ. പവിത്രകുമാർ (ഐ.എൻ.സി)-11.

**ഗ്രാമപഞ്ചായത്തിൽ വിജയിച്ചവരും ഭൂരിപക്ഷവും: <u>തിരുവനന്തപുരം</u>:** മാറനല്ലൂർ കൊറ്റംപള്ളി- എ.സുരേഷ് കുമാർ (സി.പി.എം)-197, **<u>കൊല്ലം</u>:** തലവൂർ പാണ്ടിതിട്ട- സേവ്യർ കടകംപള്ളി (കെ.സി(എം))-114, **<u>പത്തനംതിട്ട</u>:** തോട്ടപ്പുഴശ്ശേരി നെടുംപ്രയാർ- ബാബു എബ്രഹാം (എൽ.ഡി.എഫ്. സ്വത.)-58, റാന്നി അങ്ങാടി മീനാംതോട്ടം- എബ്രഹാം തോമസ് (ഐ.എൻ.സി)-89, **<u>ആലപ്പുഴ</u>:** ദേവികുളങ്ങര തെക്കേ ആഞ്ഞിലിമ്മൂട്- ശ്രീലത എസ്.തമ്പി (സി.പി.എം)-195, **<u>കോട്ടയം</u>:** അതിരമ്പുഴ യൂണിവേഴ്സിറ്റി- ജോസ് ജോസഫ് (കെ.സി.(എം))-145, **<u>ഇടുക്കി</u>:** കൊക്കയാർ ബോയ്സ്- സുഗുണൻ (സി.പി.എം)-116, വെംബ്ലി- ഇ.ആർ ലക്ഷ്മിക്കുട്ടി (സി.പി.എം)-47, **<u>എറണാകുളം</u>:** ഏഴിക്കര വാടക്കുപുറം- ഷീബാ സൈലേഷ് (ഐ.എൻ.സി)-95, **<u>തൃശൂർ</u>:** അന്നമനട അന്നമനട ടൗൺ- ഗീതാ ഉണ്ണികൃഷ്ണൻ (സി.പി.എം)-106, പുന്നയൂർക്കുളം- ചേറായി പ്രിയാ ഗോപിനാഥ് (ഐ.എൻ.സി)-8, ദേശമംഗലം കറ്റുവട്ടൂർ- പി.ഐ. അബ്ദുൾ സലാം (ഐ.എൻ.സി)-185, പൂത്തൂർ വെള്ളക്കാരിത്തടം- സുബിത ഉണ്ണികൃഷ്ണൻ (സി.പി.എം)-117, **<u>പാലക്കാട്</u>:** അമ്പലപ്പാറ മയിലുംപുറം- കെ.വി. വിജയൻ (സി.പി.എം)-561, വടകരപ്പതി എരുമക്കാരനൂർ- കെ. ചിന്നസ്വാമി (സി.പി.ഐ)-71, നെല്ലിയാംപതി നൂറടി- ടി. സത്യൻ മാസ്റ്റർ (സി.പി.എം)-92, **<u>മലപ്പുറം</u>:** തിരൂരങ്ങാടി കക്കാട്-ആരിഫ വലിയത്ത് (ഐ.യു.എം.എൽ)-572, പുറത്തൂർ അഴിമുഖം- ആയിഷാ ബീഗം (സി.പി.എം)-188, മംഗലം വാളമരുതൂർ വെസ്റ്റ്- കെ.പി. കൃഷ്ണൻ (സി.പി.എം)-162, <u>കോഴിക്കോട്</u>: എടച്ചേരി ഇരിങ്ങണ്ണൂർ വെസ്റ്റ്- കെ. സുനിൽ കുമാർ (സി.പി.എം)-635, നാദാപുരം കുറ്റിപ്പുറം- കെ.കെ. അനിൽ (സി.പി.എം)-372, **<u>കണ്ണൂർ</u>:** കോളയാട് ആലച്ചേരി -കെ. ഇ. സുധീഷ് കുമാർ (സി.പി.എം)-144.

*( എസ്.ഇ.സി. 55/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

**12th August 2014**

## തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പിൽ 75.37 ശതമാനം പോളിംഗ്

സംസ്ഥാനത്തെ 22 ഗ്രാമപഞ്ചായത്ത് വാർഡുകളിലേയ്ക്കും നാലു മുനിസിപ്പാലിറ്റി വാർഡുകളിലേയ്ക്കും ഇന്ന് (ആഗസ്റ്റ് 12) നടന്ന ഉപതിരഞ്ഞെടുപ്പിൽ 75.37 ശതമാനം പോളിംഗ് രേഖപ്പെടുത്തി. ഏറ്റവും മികച്ച പോളിംഗ് 91.47 ശതമാനം കണ്ണൂർ ജില്ലയിലെ കോളക്കാട് ഗ്രാമപഞ്ചായത്തിലെ ആലച്ചേരി വാർഡിൽ രേഖപ്പെടുത്തി. പത്തനംതിട്ട ജില്ലയിലെ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിലെ മീനാംതോട്ടത്തിൽ ഏറ്റവും കുറഞ്ഞ പോളിംഗ് ശതമാനം 58.74 രേഖപ്പെടുത്തി. രാവിലെ ഏഴു മണി മുതൽ വൈകുന്നേരം അഞ്ചു മണി വരെയായിരുന്നു പോളിംഗ് സമയം. നാളെ (ആഗസ്റ്റ് 13) രാവിലെ എട്ടു മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

*(എസ്.ഇ.സി. 54/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

8th August 2014

## തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പ് 12-ന് : വോട്ടെടുപ്പ് ഏഴു മണിമുതൽ അഞ്ചു വരെ

സംസ്ഥാനത്തെ 22 ഗ്രാമപഞ്ചായത്ത് വാർഡുകളിലും നാലു മുനിസിപ്പാലിറ്റി വാർഡുകളിലും ആഗസ്റ്റ് 12-ന് നടക്കുന്ന തിരഞ്ഞെടുപ്പിൽ രാവിലെ ഏഴുമണിയ്ക്ക് വോട്ടെടുപ്പ് ആരംഭിക്കും. വൈകുന്നേരം 5 മണിവരെ വോട്ട് രേഖപ്പെടുത്താം.

ഉപതിരഞ്ഞടുപ്പിന് വോട്ട് രേഖപ്പെടുത്തുന്നതിനായി പോളിംഗ് സ്റ്റേഷനിൽ പ്രവേശിക്കുന്നതിന് നിർദ്ദിഷ്ട തിരിച്ചറിയൽ കാർഡോ രേഖകളോ ഹാജരാക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിയ്ക്ക് ആറുമാസകാലയളവിന് മുമ്പു വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക് എന്നിവയിൽ ഏതെങ്കിലും ഒന്ന് പ്രസൈഡിംഗ് ഓഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുളള പോളിംഗ് ഓഫീസറുടേയോ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

തിരുവനന്തപുരം ജില്ലയിൽ മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ കൊറ്റമ്പള്ളി, കൊല്ലം ജില്ലയിൽ തലവൂർ ഗ്രാമപഞ്ചായത്തിലെ പാണ്ടിത്തിട്ട, പത്തനംതിട്ട ജില്ലയിൽ, തോട്ടപുഴശ്ശേരി ഗ്രാമപഞ്ചായത്തിലെ നെടുംപ്രയാർ, റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിലെ മേനാംതോട്ടം, ആലപ്പുഴ ജില്ലയിൽ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ തെക്കേ ആഞ്ഞിലിമൂട്, കോട്ടയം ജില്ലയിൽ അതിരമ്പുഴ ഗ്രാമപഞ്ചായത്തിലെ യൂണിവേഴ്സിറ്റി, ഇടുക്കി ജില്ലയിൽ കൊക്കയാർ ഗ്രാമപഞ്ചായത്തിലെ ബോയ്സ്, വെംബ്ലി, എറണാകുളം ജില്ലയിൽ ഏഴിക്കര ഗ്രാമപഞ്ചായത്തിലെ വാടക്കുപുറം, തൃശ്ശൂർ ജില്ലയിൽ അന്നമനട ഗ്രാമപഞ്ചായത്തിലെ അന്നമനട ടൗൺ, പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിലെ ചെറായി, ദേശമംഗലം ഗ്രാമപഞ്ചായത്തിലെ കറ്റുവട്ടൂർ, പുത്തൂർ ഗ്രാമപഞ്ചായത്തിലെ വെള്ളക്കാരിത്തടം, പാലക്കാട് ജില്ലയിൽ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിലെ മയിലുംപുറം, വടകരപ്പതി ഗ്രാമപഞ്ചായത്തിലെ എരുമക്കാരനൂർ, നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ നൂറടി, മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി ഗ്രാമപഞ്ചായത്തിലെ കക്കാട്, പുറത്തൂർ ഗ്രാമപഞ്ചായത്തിലെ അഴിമുഖം, മംഗലം ഗ്രാമപഞ്ചായത്തിലെ വാളമരുതൂർ വെസ്റ്റ്, കോഴിക്കോട് ജില്ലയിൽ എടച്ചേരി ഗ്രാമപഞ്ചായത്തിലെ ഇരിങ്ങണ്ണൂർ വെസ്റ്റ്, നാദാപുരം ഗ്രാമപഞ്ചായത്തിലെ കുറ്റിപ്പുറം, കണ്ണൂർ ജില്ലയിൽ കോളയാട് ഗ്രാമപഞ്ചായത്തിലെ ആലച്ചേരി എന്നീ വാർഡുകളിലും, തിരുവല്ലമുനിസിപ്പാലിറ്റിയിലെഇരുവള്ളിപ്ര,ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ ബഥേൽ, പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിലെ തുരുത്തിപ്പറമ്പ്, പൊന്നാനി മുനിസിപ്പാലിറ്റിയിലെ വെൽഫയർ എന്നീ വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ്. ആഗസ്റ്റ് 13-ന് രാവിലെ എട്ടു മണിയ്ക്ക് വോട്ടെണ്ണൽ ആരംഭിക്കും.

*(എസ്.ഇ.സി. 52/2014)*

## കൂറുമാറ്റം : മാണിക്കൽ ഗ്രാമപഞ്ചായത്തംഗത്തെ അയോഗ്യനാക്കി

കൂറുമാറ്റ നിരോധന നിയമം ലംഘിച്ചതിന് തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തംഗം കോൺഗ്രസ്സിലെ ടി. മണികണ്ഠൻ നായരെ ഗ്രാമപഞ്ചായത്തംഗമായി തുടരുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യത കൽപ്പിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് അടുത്ത ആറ് വർഷത്തേയ്ക്ക് മത്സരിക്കുന്നതിനും അയോഗ്യത കൽപ്പിച്ചിട്ടുണ്ട്. മാണിക്കൽ ഗ്രാമപഞ്ചായത്തംഗമായ പള്ളിക്കൽ നസീർ സമർപ്പിച്ച ഹർജിയിലാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വിധി.

യു.ഡി.എഫിലെ ധാരണ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്ന തങ്കപ്പൻ നായർക്ക് എതിരെ എൽ.ഡി.എഫ് അവതരിപ്പിച്ച അവിശ്വാസപ്രമേയ വോട്ടെടുപ്പിൽ നിന്നും മാറി നിൽക്കാൻ കോൺഗ്രസ്സ് ജില്ലാ പ്രസിഡന്റ് ടി. മണികണ്ഠൻ നായർക്ക് നിർദ്ദേശം നൽകിയിരുന്നു. അദ്ദേഹം നിർദ്ദേശം ലംഘിച്ച് പ്രമേയത്തിന് അനുകൂലമായി വോട്ടുചെയ്തതിനെത്തുടർന്ന് അവിശ്വാസ പ്രമേയം വിജയിച്ചു. തുടർന്ന് നടന്ന പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് പിന്തുണയോടെ സ്വതന്ത്ര അംഗമായ ജയൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. പഞ്ചായത്ത് വൈസ്പ്രസിഡന്റായിരുന്ന സുധർമ്മണിയ്ക്കെതിരെ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തേയും പാർട്ടി നിർദ്ദേശം ലംഘിച്ച് ടി. മണികണ്ഠൻ നായർ അനുകൂലിച്ചിരുന്നു. ഈ നടപടികളെല്ലാം കൂറുമാറ്റമാണെന്ന ഹർജിക്കാരന്റെ വാദം അംഗീകരിച്ചുകൊണ്ടാണ് കമ്മീഷൻ ഉത്തരവായിട്ടുള്ളത്.

*(എസ്.ഇ.സി. 53/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

6th August 2014

## ലൈബീരിയൻ പ്രതിനിധി സംഘം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറെ സന്ദർശിച്ചു

പശ്ചിമ ആഫ്രിക്കൻ രാജ്യമായ ലൈബീരിയായുടെ നയരൂപീകരണത്തിനായുള്ള ഉപദേശക സമിതിയിലെ മൂന്നംഗ പ്രതിനിധി സംഘം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായരുമായി ഇന്ന് (ആഗസ്റ്റ് 6) കമ്മീഷൻ ആസ്ഥാനത്ത് കൂടിക്കാഴ്ച്ച നടത്തി. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മനസ്സിലാക്കുന്നതിന് എത്തിയതായിരുന്നു ലൈബീരിയൻ പ്രതിനിധികൾ. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പും സംബന്ധിച്ച് തിരഞ്ഞെടുപ്പ് കമ്മീഷണർ സംഘാംഗങ്ങളായ എൻ. അലക്സാണ്ടർ മുൽബ, സിസിലിയ എൻ ഫ്ളോമോ, ജെ. ഡയാനാ മൂർ എന്നിവരുമായി ആശയവിനിമയം നടത്തി.

ദേശീയ തലത്തിലുള്ള പ്രസിഡൻഷ്യൽ ഭരണ സംവിധാനം മാത്രം നിലവിലുള്ള ലൈബീരിയായിൽ അധികാര വികേന്ദ്രീകരണത്തിനായുള്ള ശ്രമങ്ങൾ നടന്നു വരികയാണെന്നും ഇതിനായുള്ള കരട് ബിൽ തയ്യാറായിട്ടുണ്ടന്നും പ്രതിനിധികൾ അറിയിച്ചു. ഐക്യരാഷ്ട്ര സഭയുടെ ഉപദേശ പ്രകാരമാണ് സംഘാംഗങ്ങൾ കേരള സന്ദർശനത്തിനായി എത്തിയിട്ടുള്ളത്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ ഉദ്യോഗസ്ഥരുമായും സംഘം ചർച്ച നടത്തി. ആഗസ്റ്റ് 18 വരെ ഇവർ സംസ്ഥാനത്തുണ്ടാകുമെന്ന് സംഘത്തെ അനുഗമിക്കുന്ന കില എക്സ്റ്റെൻഷൻ ഫാക്കൽറ്റി അംഗം പി. വി. രാമകൃഷ്ണൻ അറിയിച്ചു.

**ഫോട്ടോ ക്യാപ്ഷൻ:-** പശ്ചിമ ആഫ്രിക്കൻ രാജ്യമായ ലൈബീരിയായുടെ നയരൂപീകരണ ഉപദേശക സമിതി അംഗങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായരുമായി കൂടിക്കാഴ്ച്ച നടത്തിയപ്പോൾ

*(എസ്.ഇ.സി. 51/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

2nd August 2014

## വോട്ട് രേഖപ്പെടുത്തുന്നതിന് തിരിച്ചറിയൽ കാർഡ് ഹാജരാക്കണം

ആഗസ്റ്റ് 12-ന് സംസ്ഥാനത്തെ ഏതാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടക്കുന്ന ഉപതിരഞ്ഞെടുപ്പിന് വോട്ട് രേഖപ്പെടുത്തുന്നതിനായി പോളിംഗ് സ്റ്റേഷനിൽ പ്രവേശിക്കുന്നതിന് തിരിച്ചറിയൽ കാർഡോ മറ്റു രേഖകളോ ഹാജരാക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിയ്ക്ക് ആറുമാസകാലയളവിന് മുമ്പു വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക് എന്നിവയിൽ ഏതെങ്കിലും ഒന്നാണ് പ്രസൈഡിംഗ് ഓഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുളള പോളിംഗ് ഓഫീസറുടേയോ മുമ്പാകെ ഹാജരാക്കേണ്ടത്. തിരുവല്ല, ആലപ്പുഴ, എറണാകുളം, പൊന്നാനി, നഗരസഭകളിലെ ഓരോ വാർഡുകളിലും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലളിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിലെ 22 വാർഡുകളിലേയ്ക്കുമാണ് ആഗസറ്റ് 12-ന് ഉപതിരഞ്ഞെടുപ്പ് നടക്കുക.

*(എസ്.ഇ.സി. 47/2014)*

## ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ് (തൃശ്ശൂർ ജില്ല)

തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ, പൊയ്യ ഗ്രാമപഞ്ചായത്തുകളിലെ വൈസ്പ്രസിഡന്റ് സ്ഥാനത്തേയ്ക്കും നടത്തറ ഗ്രാമപഞ്ചായത്തിലെ പ്രസിഡന്റ് സ്ഥാനത്തേയ്ക്കും ആഗസ്റ്റ് നാലിന് തിരഞ്ഞെടുപ്പ് നടത്തും.

*എസ്.ഇ.സി. 48/2014)*

## ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ് (ആലപ്പുഴ ജില്ല)

ആലപ്പുഴ ജില്ലയിലെ മാവേലിക്കര -താമരക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ആഗസ്റ്റ് നാലിന് തിരഞ്ഞെടുപ്പ് നടത്തും.

*എസ്.ഇ.സി. 49/2014)*

## ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ് (ഇടുക്കി ജില്ല)

ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ആഗസ്റ്റ് അഞ്ചിന് തിരഞ്ഞെടുപ്പ് നടത്തും.

*എസ്.ഇ.സി. 50/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

31st July 2014

## കൂറുമാറ്റം : വഴയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ അയോഗ്യനാക്കി

കൂറുമാറ്റ നിരോധന നിയമം ലംഘിച്ചതിന് മലപ്പുറം ജില്ലയിലെ വഴയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.കെ.എം. ഹിബാദുള്ള മാസ്റ്ററെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യനാക്കി. അടുത്ത ആറുവർഷത്തേയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് മത്സരിക്കുന്നതിൽ നിന്നും അദ്ദേഹത്തിന് വിലക്കും ഏർപ്പെടുത്തിയിട്ടുണ്ട്. വഴയൂർ ഗ്രാമപഞ്ചായത്ത് അംഗമായ ഇ.കെ. ഫരൂഖ് നൽകിയ ഹർജിലാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ തീരുമാനം. യു.ഡി.എഫ് ഭരിക്കുന്ന വഴയൂർ ഗ്രാമപഞ്ചായത്തിൽ മുസ്ലീം ലീഗ് പിന്തുണയോടെ മത്സരിച്ച് ജയിച്ച സ്വതന്ത്ര സ്ഥാനാർത്ഥിയാണ് പി.കെ.എം. ഹിബാദുള്ള മാസ്റ്റർ. ആദ്യത്തെ രണ്ടര വർഷം കഴിഞ്ഞ് കോൺഗ്രസ്സ് അംഗത്തിന് പ്രസിഡന്റ് സ്ഥാനം നൽകണമെന്ന് യു.ഡി.എഫിൽ ധാരണയുണ്ടായിരുന്നു. അതനുസരിച്ച് രാജിവെയ്ക്കാൻ കൂട്ടാക്കാതിരുന്ന പ്രസിഡന്റിന് എതിരെ യു.ഡി.എഫ് അംഗങ്ങൾ അവിശ്വാസപ്രമേയം അവതരിപ്പിച്ചു. അവിശ്വാസപ്രമേയത്തെ അനുകൂലിക്കണമെന്ന് മുസ്ലീം ലീഗ് വിപ്പ് നൽകിയിട്ടും അതനുസരിക്കാതെ യോഗത്തിൽ നിന്നും ഹിബാദുള്ള മാസ്റ്റർ മാറി നിന്നതിനെത്തുടർന്ന് പ്രമേയം ചർച്ചയ്ക്കെടുക്കുന്നതിനുള്ള ക്വാറം ലഭിക്കാതെ വന്നു. സ്വന്തം സ്ഥാനം നിലനിർത്തുന്നതിന് വിപ്പ് ലംഘിച്ച് കൈക്കൊണ്ട ഈ നടപടി കൂറുമാറ്റമാണെന്ന ഹർജിക്കാരന്റെ വാദം കമ്മീഷൻ അംഗീകരിച്ചു.

*(എസ്.ഇ.സി. 45/2014)*

## മാനന്തവാടി ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ് ഇന്ന്

വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ഇന്ന് (ആഗസ്റ്റ് ഒന്ന്) തിരഞ്ഞെടുപ്പ് നടത്തും.

*എസ്.ഇ.സി. 46/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

21st July 2014

## പഞ്ചായത്ത് വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ്

കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് ജൂലൈ 23-നും, പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് ജൂലൈ 24-നും തിരഞ്ഞെടുപ്പ് നടത്തുന്നതാണ്.

*(എസ്.ഇ.സി. 43/2014)*

## കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു

കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ മാട്ടറ മണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. ബന്ധപ്പെട്ട ഗ്രാമ, ബ്ലോക്ക്, വില്ലേജ്, താലൂക്ക് ആഫീസുകളിൽ പട്ടിക പരിശോധിക്കാം. ആഗസ്റ്റ് രണ്ടു വരെ പട്ടികയിന്മേലുള്ള അവകാശങ്ങളും ആക്ഷേപങ്ങളും സ്വീകരിക്കുന്നതാണ്. ആഗസ്റ്റ് 27-ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കും.

*(എസ്.ഇ.സി. 44/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

15th July 2014

## തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പിന് വിജ്ഞാപനമായി

ആഗസ്റ്റ് 12-ന് നടക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഉപതിരഞ്ഞെടുപ്പിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് (15/7/2014) വിജ്ഞാപനം പുറപ്പെടുവിച്ചു. 22 ഗ്രാമപഞ്ചായത്ത് വാർഡുകളിലും നാലു മുനിസിപ്പാലിറ്റി വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടക്കുക.

തിരുവനന്തപുരം ജില്ലയിൽ മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ കൊറ്റമ്പള്ളി, കൊല്ലം ജില്ലയിൽ തലവൂർ ഗ്രാമ പഞ്ചായത്തിലെ പാണ്ടിത്തിട്ട, പത്തനംതിട്ട ജില്ലയിൽ , തോട്ടപുഴശ്ശേരി ഗ്രാമപഞ്ചായത്തിലെ നെടുംപ്രയാർ, റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിലെ മേനാംതോട്ടം, ആലപ്പുഴ ജില്ലയിൽ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ തെക്കേ ആഞ്ഞിലിമൂട്, കോട്ടയം ജില്ലയിൽ അതിരമ്പുഴ ഗ്രാമപഞ്ചായത്തിലെ യൂണിവേഴ്സിറ്റി, ഇടുക്കി ജില്ലയിൽ കൊക്കയാർ ഗ്രാമപഞ്ചായത്തിലെ ബോയ്സ്, വെംബ്ലി, എറണാകുളം ജില്ലയിൽ ഏഴിക്കര ഗ്രാമപഞ്ചായത്തിലെ വാടക്കുപുറം, തൃശ്ശൂർ ജില്ലയിൽ അന്നമനട ഗ്രാമപഞ്ചായത്തിലെ അന്നമനട ടൗൺ, പുന്നയൂർക്കുളം ഗ്രാമപഞ്ചായ ത്തിലെ ചെറായി, ദേശമംഗലം ഗ്രാമപഞ്ചായത്തിലെ കറ്റുവട്ടൂർ, പുത്തൂർ ഗ്രാമപഞ്ചായത്തിലെ വെള്ളക്കാരിത്തടം, പാലക്കാട് ജില്ലയിൽ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിലെ മയിലുംപുറം, വടകരപ്പതി ഗ്രാമപഞ്ചായത്തിലെ എരുമക്കാ രനൂർ, നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ നൂറടി, മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി ഗ്രാമപഞ്ചായത്തിലെ കക്കാട്, പുറത്തൂർ ഗ്രാമപഞ്ചായത്തിലെ അഴിമുഖം, മംഗലം ഗ്രാമപഞ്ചായത്തിലെ വാളമരുതൂർ വെസ്റ്റ്, കോഴിക്കോട് ജില്ലയിൽ എടച്ചേരി ഗ്രാമപഞ്ചായത്തിലെ ഇരിങ്ങണ്ണൂർ വെസ്റ്റ്, നാദാപുരം ഗ്രാമപഞ്ചായത്തിലെ കുറ്റിപ്പുറം, കണ്ണൂർ ജില്ലയിൽ കോളയാട് ഗ്രാമപഞ്ചായത്തിലെ ആലച്ചേരി എന്നീ വാർഡുകളിലും, തിരുവല്ല മുനിസിപ്പാലിറ്റി യിലെ ഇരുവള്ളിപ്ര, ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ ബഥേൽ, പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിലെ തുരുത്തിപ്പ റമ്പ്, പൊന്നാനി മുനിസിപ്പാലിറ്റിയിലെ വെൽഫയർ എന്നീ വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ്.

ഉപതിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശപത്രിക ജൂലൈ 22 -വരെ സ്വീകരിക്കും. സൂക്ഷ്മപരിശോധന 23-നും സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതി 25-ഉം ആയിരിക്കും. ആഗസ്റ്റ് 12-ന് രാവിലെ ഏഴു മണി മുതൽ വൈകുന്നേരം 5-വരെ വോട്ട് രേഖപ്പെടുത്താം. തിരഞ്ഞെടുപ്പ് വിജ്ഞാപന തീയതി പ്രസിദ്ധപ്പെടുത്തിയ ജൂലൈ എട്ടു മുതൽ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാതൃകാ പെരു മാറ്റച്ചട്ടം നിലവിലുണ്ട്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ഒട്ടാകെയും, മറ്റുള്ളിടത്ത് തിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലം ഉൾപ്പെടുന്ന പ്രദേശത്തുമാണ് പെരുമാറ്റച്ചട്ടം പ്രാബല്യത്തിലുള്ളത്.

*(എസ്.ഇ.സി. 42/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

11th July 2014

## കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു (പാലക്കാട് ജില്ല)

പാലക്കാട് ജില്ലയിലെ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിലെ അഴിയന്നൂർ മണ്ഡലത്തിലും, അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിലെ ചെമ്മണ്ണൂർ ഡിവിഷനിലും നടക്കുന്ന ഉപതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. ഇതു സംബന്ധിച്ചുള്ള അവകാശവാദങ്ങളും ആക്ഷേപങ്ങളും യഥാക്രമം ജൂലൈ 22-നും, 23-നും വരെ ബന്ധപ്പെട്ട പഞ്ചായത്താഫീസുകളിൽ സ്വീകരിക്കും. ആഗസ്റ്റ് 11-ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും.

*(എസ്.ഇ.സി. 40/2014)*

## കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു (കൊല്ലം ജില്ല)

കൊല്ലം ജില്ലയിലെ നെടുവത്തൂർ ഗ്രാമപഞ്ചായത്തിലെ കുറുമ്പാലൂർ മണ്ഡലത്തിൽ നടക്കുന്ന ഉപതിരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. ഇതു സംബന്ധിച്ചുള്ള അവകാശവാദങ്ങളും അക്ഷേപങ്ങളും ജൂലൈ 22-വരെ ഗ്രാമപഞ്ചായാത്താഫീസിൽ സ്വീകരിക്കും. ആഗസ്റ്റ് എട്ടിന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കും.

*(എസ്.ഇ.സി. 41/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

9th July 2014

## ഫോട്ടോ പതിച്ച വോട്ടർ പട്ടിക തയ്യാറാക്കൽ നടപടികൾ ഊർജ്ജിതപ്പെടുത്താൻ നിർദ്ദേശം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് അടുത്ത വർഷം നടക്കുന്ന പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ഫോട്ടോ പതിച്ച വോട്ടർ പട്ടികകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്താൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ ഇലക്ഷൻ ഓഫീസർമാരായ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തിരഞ്ഞെടുപ്പിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിന് ഇന്ന് (ജൂലൈ 9) തൈക്കാട് റെസ്റ്റ് ഹൗസിൽ ചേർന്ന ജില്ലാ കളക്ടർമാരുടേയും മറ്റ് ജില്ലാ ഇലക്ഷൻ ഓഫീസർമാരുടേയും യോഗത്തിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ ആണ് നിർദ്ദേശം നൽകിയത്.

ഇക്കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഉപയോഗിച്ച ഫോട്ടോ പതിച്ച വോട്ടർ പട്ടികയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിലവിലെ നിയോജകമണ്ഡലങ്ങൾക്കനുസരിച്ചാണ് വോട്ടർ പട്ടിക തയ്യാറാക്കുക. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുകൾക്ക് ഉപയോഗിച്ചു വരുന്ന വോട്ടർ പട്ടികയിൽ അവ ഉൾക്കൊള്ളുന്ന കെട്ടിടങ്ങളുടെ സ്ഥിരം നമ്പറുകളുടെ അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിയമസഭാ നിയോജകമണ്ഡലങ്ങളിലെ വോട്ടർ പട്ടികകൾ ഭവന സന്ദർശനം നടത്തി വോട്ടർമാരുടെ വിവരങ്ങൾ പരിശോധിച്ച് പുതിയ വാർഡ്, വീട്ടുനമ്പരുകൾ എന്നിവ ചേർക്കുന്നതിന് ഓരോ ബൂത്ത് തലത്തിലും ഒരു ഓഫീസറെ നിയോഗിക്കുന്നതിനും ഇത്തരത്തിൽ രേഖപ്പെടുത്തുന്ന പുതിയ വീട്ടു നമ്പരുകളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിയോജകമണ്ഡലങ്ങളുടെ വോട്ടർ പട്ടിക ക്രമീകരിക്കുന്നതിനും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ (എൻ.ഐ.സി) സാങ്കേതിക സഹായത്തോടെ വെബ് അധിഷ്ഠിത സംവിധാനത്തിന് രൂപം നൽകിയിട്ടുള്ളതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ തയ്യാറാക്കിയിട്ടുള്ള ഭൂപടങ്ങൾ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിനും അവ ഭരണപരവും അക്കാദമിക് മേഖലയിലെ ആവശ്യങ്ങൾക്ക് ഉതകുന്ന രീതിയിലാക്കുന്നതിനുമായി സർവ്വെ വകുപ്പ് മുഖാന്തിരം പുതിയ ഭൂപടങ്ങൾ തയ്യാറാക്കുന്നതിനും കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പഞ്ചായത്ത്, നഗരവികസന വകുപ്പുകൾ, ഇൻഫർമേഷൻ കേരള മിഷൻ എന്നിവരുമായി കമ്മീഷൻ കൂടിയാലോചനകൾ നടത്തിയാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാരുടെ സേവനവും ഇതിനായി ഉപയോഗിക്കും. സംസ്ഥാന ഡിലിമിറ്റേഷൻ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള 2010-ലെ വാർഡ് വിഭജന ഉത്തരവുകൾക്കു വിധേയമായും സർവ്വെ വകുപ്പ് ജില്ലാ തലത്തിൽ തയ്യാറാക്കിയിട്ടുള്ള രാഷ്ട്രീയ ഭൂപടത്തെ അടിസ്ഥാനമാക്കിയുമാണ് സംസ്ഥാനത്തെ 1209 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂപടം തയ്യാറാക്കുക. ഭാവിയിൽ വാർഡു വിഭജനമോ, തദ്ദേശഭരണ സ്ഥാപന വിഭജനമോ ഉണ്ടാകുന്ന പക്ഷം പരിഷ്കരിച്ച ഭൂപടങ്ങൾ നടപടികൾ ലഘൂകരിക്കുന്നതിന് സഹായകരമായിരിക്കും.

വരുന്ന തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിക്കുന്നതിനു തീരുമാനിച്ചിട്ടുള്ളതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു. വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനായി ആവശ്യമായ തുക അനുവദിക്കാമെന്ന് സംസ്ഥാന സർക്കാർ അറിയിച്ചിട്ടുണ്ട്. വോട്ടിംഗ് മെഷീനുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സംവിധാനങ്ങളെപ്പറ്റിയും യോഗം ചർച്ച ചെയ്തു.പോളിംഗ് ബൂത്തുകളിൽ സമ്മതിദായർക്കും, തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും മതിയായ സൗകര്യവും സുരക്ഷയും ഒരുക്കുന്ന കാര്യത്തിൽ കൂടുതൽ ജാഗ്രത പാലിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. യോഗത്തിൽ പഞ്ചായത്ത് വകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ് എ. സെയ്ത്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി പി.ഗീത, ജില്ലാ കളക്ടർമാർ, എൻ.ഐ.സി ഡയറക്ടർ സന്താന രാമൻ, പഞ്ചായത്ത് റീജിയണൽ ജോയിന്റ് ഡയറക്ടർമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ, ഇലക്ഷൻ വിഭാഗം ഡെപ്യൂട്ടി കളക്ടർമാർ എന്നിവർ പങ്കെടുത്തു.

*(എസ്.ഇ.സി. 39/2014)*

| | | |
|---|---|---|
| GRAMS:<br>KERELECOM<br>E-mail:<br>electionker@gmail.com<br>Website:<br>www.sec.kerala.gov.in | # പത്രക്കുറിപ്പ് | TELEPHONE:<br>0471-2338288,2326148<br>FAX: 0471-2338288<br>0471-2334130 |
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 8th July 2014 |

## തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പ് : വിജ്ഞാപനം ജൂലൈ 15-ന്

ആഗസ്റ്റ് 12-ന് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനത്തെ 26 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വിജ്ഞാപനം ജൂലൈ 15-ന് പുറപ്പെടുവിക്കും. തിരഞ്ഞെടുപ്പ് വിജ്ഞാപനതീയതി പ്രസിദ്ധപ്പെടുത്തുന്ന ഇന്നു മുതൽ (ജൂലൈ 8) മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതാണ്. ഉപതിരഞ്ഞെടുപ്പിനുവേണ്ട സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ കൂടിയായ ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. തിരഞ്ഞെടുപ്പിന്റെ മാതൃകാപെരുമാറ്റച്ചട്ടം ലംഘിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിന് ബന്ധപ്പെട്ട വരണാധികാരികളെ കമ്മീഷൻ ചുമതലപ്പെടുത്തി. ജില്ലാ തിരഞ്ഞെടുപ്പ് വരണാധികാരികൾ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതാണ്. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന ഗ്രാമപഞ്ചായത്തിൽ ഒട്ടാകെയും, മറ്റുള്ളിടത്ത് തിരഞ്ഞെടുപ്പ് നടക്കുന്ന നിയോജകമണ്ഡലം ഉൾപ്പെടുന്ന പ്രദേശത്തും പെരുമാറ്റച്ചട്ടം പ്രാബല്യത്തിൽ ഉണ്ടായിരിക്കും.

തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ കൊറ്റമ്പള്ളി, കൊല്ലം ജില്ലയിലെ തലവൂർ ഗ്രാമപഞ്ചായത്തിലെ പാണ്ടിത്തിട്ട, പത്തനംതിട്ട ജില്ലയിലെ തിരുവല്ല മുനിസിപ്പാലിറ്റിയിലെ ഇരുവള്ളിപ്ര, തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിലെ നെടുംപ്രയാർ, റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിലെ മേനാംതോട്ടം, ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ ബഥേൽ, ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ തെക്കേ ആഞ്ഞിലിമൂട്, കോട്ടയം ജില്ലയിലെ അതിരമ്പുഴ ഗ്രാമപഞ്ചായത്തിലെ യൂണിവേഴ്സിറ്റി, ഇടുക്കി ജില്ലയിലെ കൊക്കയാർ ഗ്രാമപഞ്ചായത്തിലെ ബോയ്സ്, വെംബ്ലി, എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിലെ തുരുത്തിപ്പറമ്പ്, ഏഴിക്കര ഗ്രാമ പഞ്ചായത്തിലെ വാടക്കുപുറം, തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിലെ അന്നമനട ടൗൺ, പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിലെ ചെറായി, ദേശമംഗലം ഗ്രാമപഞ്ചായത്തിലെ കറ്റുവട്ടൂർ, പുത്തൂർ ഗ്രാമപഞ്ചായത്തിലെ വെള്ളക്കാരിത്തടം, പാലക്കാട് ജില്ലയിലെ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിലെ മയിലുംപുറം, വടകരപ്പതി ഗ്രാമ പഞ്ചായത്തിലെ എരുമക്കാരനൂർ, നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ നൂറടി, മലപ്പുറം ജില്ലയിലെ പൊന്നാനി മുനിസിപ്പാലിറ്റിയിലെ വെൽഫയർ, തിരൂരങ്ങാടി ഗ്രാമപഞ്ചായത്തിലെ കക്കാട്, പുറത്തൂർ ഗ്രാമ പഞ്ചായത്തിലെ അഴിമുഖം, മംഗലം ഗ്രാമപഞ്ചായത്തിലെ വാളമരുതൂർ വെസ്റ്റ്, കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിലെ ഇരിങ്ങണ്ണൂർ വെസ്റ്റ്, നാദാപുരം ഗ്രാമപഞ്ചായത്തിലെ കുറ്റിപ്പുറം, കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിലെ ആലച്ചേരി എന്നീ വാർഡുകളിലാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.

*(എസ്.ഇ.സി. 38/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

1st July 2014

## പൊയ്യ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ്

തൃശ്ശൂർ ജില്ലയിലെ പൊയ്യ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് ജൂലൈ അഞ്ചിന് നടത്തുന്നതാണ്. മലപ്പുറം ജില്ലയിലെ വെളിയങ്കോട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് ജൂലൈ ഏഴിനും നടത്തുന്നതാണ്.

*(എസ്.ഇ.സി. 35/2014)*

## കൊല്ലം ജില്ലാ അസൂത്രണ സമിതി അംഗം തിരഞ്ഞെടുപ്പ്

കൊല്ലം ജില്ലാ അസൂത്രണ സമിതിയിലെ നിലവിലുള്ള ഒഴിവിലേക്ക് ജൂലൈ ഏഴിന് തിരഞ്ഞെടുപ്പ് നടത്തുന്നതാണ്. സമിതി അംഗം എസ്. ജയമോഹൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായതിനെ തുടർന്നുണ്ടായ ഒഴിവിലേക്കാണ് തിരഞ്ഞെടുപ്പ്.

*(എസ്.ഇ.സി. 36/2014)*

## കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു.

കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്ത് പള്ളിക്കൽ നിയോജകമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു. ബന്ധപ്പെട്ട ഗ്രാമ-ബ്ലോക്ക്-വില്ലേജ്-താലൂക്ക് ഓഫീസുകളിൽ പട്ടിക പരിശോധിക്കാം. ജൂലൈ 11 -വരെ കരട് പട്ടികയിന്മേലുള്ള അവകാശങ്ങളും ആക്ഷേപങ്ങളും സ്വീകരിക്കുന്നതാണ്. ആഗസ്റ്റ് ഏഴിന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും.

*(എസ്.ഇ.സി. 37/2014)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

1st July 2014

## കൂറുമാറ്റം: കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ അയോഗ്യനാക്കി

കൂറുമാറ്റ നിരോധന നിയമം ലംഘിച്ചതിന് എറണാകുളം ജില്ലയിലെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.എ. വിശ്വംഭരനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യ നാക്കി. കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് അംഗം കൂടിയായ കോൺഗ്രസ്സിലെ കെ. എം. അബ്ദുള്ള കുഞ്ഞ് നൽകിയ ഹർജിയിലാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ തീരുമാനം. യു.ഡി.എഫ് ഭരിച്ചിരുന്ന കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൽദോസിനെതിരെ എൽ.ഡി.എഫ് അവിശ്വാസ പ്രമേയം അവത രിപ്പിച്ചിരുന്നു. ഇത് വിജയിച്ചതിനെ തുടർന്ന് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് പിന്തുണയോടെ വിജയിച്ച യു.ഡി.എഫിലെ എം. എ. വിശ്വംഭരനെ എൽ.ഡി.എഫ് സ്ഥാനാർത്ഥിയാ ക്കുകയുണ്ടായി. ഇടതുമുന്നണി പിന്തുണച്ചതിനെ തുടർന്ന് വിശ്വംഭരൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് സ്ഥാനാർത്ഥിയെ പിന്തുണയ്ക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ ജില്ലാ പ്രസിഡന്റ് നൽകിയ വിപ്പ് ലംഘിച്ചാണ് യു.ഡി.എഫ് അംഗമായ എം. എ. വിശ്വംഭരൻ സ്ഥാനാർത്ഥിയാകുകയും എൽ.ഡി.എഫ് പിന്തുണയോടെ പ്രസിഡന്റാ കുകയും ചെയ്തതെന്ന് കമ്മീഷന്റെ മുമ്പാകെ സമർപ്പിച്ച ഹർജിയിൽ പറയുന്നു. വിചാരണയിൽ ഇക്കാ ര്യം തെളിയിക്കുന്നതിന് പരാതിക്കാരന് കഴിഞ്ഞിട്ടുണ്ടെന്ന് കമ്മീഷൻ വിധിയിൽ പറഞ്ഞു. അതിനാൽ കൂറുമാറ്റ നിരോധന നിയമപ്രകാരം കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായ എം.എ. വിശ്വംഭരന് അയോ ഗ്യത കൽപ്പിച്ചും അടുത്ത ആറു വർഷത്തേക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിക്കുന്നതിൽ നിന്നും അദ്ദേഹത്തെ വിലക്കികൊണ്ടും കമ്മീഷൻ ഇന്ന് (ജൂലൈ ഒന്ന്) ഉത്തരവായി.

*(എസ്.ഇ.സി. 34/2014)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

24th June 2014

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

കോട്ടയം ജില്ലയിലെ പായിപ്പാട്, നീണ്ടൂർ, കൂരോപ്പട ഗ്രാമപഞ്ചായത്തുകളുടെ പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് യഥാക്രമം ജൂൺ 27-നും ജൂലൈ ഒന്നിനും ജൂലൈ മൂന്നിനും തിരഞ്ഞെടുപ്പ് നടത്തുന്നതാണ്. അയ്മനം ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് സ്ഥാനത്തേയ്ക്കും കോട്ടയം മുനിസിപ്പാലിറ്റിയുടെ ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനത്തേയ്ക്കമുള്ള തിരഞ്ഞെടുപ്പ് ജൂലൈ ഒന്നിന് നടത്തുന്നതാണ്.

*(എസ്.ഇ.സി. 32/2014)*

## കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി ചെയർപേഴ്സൺ തിരഞ്ഞെടുപ്പ്

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സൺ സ്ഥാനത്തേയ്ക്കുള്ള തിരഞ്ഞെടുപ്പ് ജൂൺ 30-ന് നടത്തുന്നതാണ്.

*(എസ്.ഇ.സി. 33/2014)*

| GRAMS:<br>KERELECOM<br>E-Mail:<br>electionker@sify.com | പത്രക്കുറിപ്പ് | TELEPHONE:<br>0471-2338288,2326148<br>FAX: 0471-2338288<br>0471-2334130 |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 20th June 2014 |

## അനധികൃത ആനുകൂല്യങ്ങൾ കൈപ്പറ്റിയതിന് അയോഗ്യയാക്കി

ഒരേ ദിവസം അധ്യാപക സേവനത്തിനുള്ള വേതനവും പഞ്ചായത്തിലെ സിറ്റിംഗ് ഫീസും യാത്രാ ബത്തയും കൈപ്പറ്റിയ പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. നഫീസയെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യയാക്കി. പാലക്കാട് പനമണ്ണയിലെ നാരായണവിലാസം എയ്ഡഡ് യു.പി സ്കൂൾ അധ്യാപികയായി സേവനമനുഷ്ഠിക്കുന്ന കെ. നഫീസ സ്കൂൾ സേവന സമയത്തു തന്നെ പഞ്ചായത്തിന്റെ ഔദ്യോഗിക യോഗങ്ങളിലും പരിപാടികളിലും പങ്കെടുക്കുകയും ആ ദിവസങ്ങളിൽ രണ്ടിത്തുനിന്നും സാമ്പത്തികാനുകൂല്യങ്ങൾ കൈപ്പറ്റിയതായും കമ്മീഷൻ കണ്ടെത്തി. ഇക്കാരണത്താൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വരുത്തിയതിനാണ് കേരള പഞ്ചായത്ത് രാജ് നിമയമത്തിലെ ബന്ധപ്പെട്ട സെക്ഷൻ പ്രകാരം അയോഗ്യയാക്കിയിട്ടുള്ളത്. മുഴുവൻ സമയ ചുമതലയുള്ള പദവിയെന്ന നിലയിൽ പഞ്ചായത്ത് ഭരിക്കുമ്പോൾ എയ്ഡഡ് സ്കൂൾ വിദ്യാഭ്യാസ സർവീസിലുള്ളവർ അവധിയെടുത്തിരിക്കണമെന്നും അവധി ശമ്പളവും ഹോണറേറിയവും മാത്രമേ ഇക്കാലത്ത് കൈപ്പറ്റാവൂവെന്നും നിഷ്കർഷിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് നിലവിലുള്ള കാര്യവും കമ്മീഷൻ വിധിയിൽ പരാമർശിച്ചിട്ടുണ്ട്.

എയ്ഡഡ് സ്കൂൾ അധ്യാപകരായിരിക്കെ പഞ്ചായത്ത് വൈസ് പ്രസിഡന്റ് വി.മുരളീധരനും അംഗമായ സെയ്ദലവിയും പഞ്ചായത്തിൽ നിന്നും യാത്രാ ബത്തയും, സിറ്റിംഗ് ഫീസും വാങ്ങിയതായുള്ള ഹർജിക്കാരന്റെ മറ്റ് പരാതികളിൽ നിയമവിരുദ്ധമായൊന്നും ഇല്ലാത്തിനാൽ കമ്മീഷൻ തള്ളി. പനമണ്ണ ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകരായ ഇവർ ബന്ധപ്പെട്ട നിയമങ്ങളും ഉത്തരവുകളും പ്രകാരം സ്കൂളിൽ നിന്നും അവധിയെടുത്താണ് പഞ്ചായത്തിലെ ചുമതലകൾ നിർവഹിച്ചിട്ടുള്ളതെന്നും ആയതിനാൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വരുത്തുന്ന നിലയിൽ തുക കൈപ്പറ്റിയിട്ടുണ്ടെന്ന് തെളിയിക്കാൻ പരാതിക്കാരന് കഴിഞ്ഞിട്ടില്ലെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.

*(എസ്.ഇ.സി. 31/2014)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**20th June 2014**

## 1) കൂറുമാറിയ ഗ്രാമപഞ്ചായത്തംഗത്തെ അയോഗ്യയാക്കി

കൂറുമാറ്റ നിരോധന നിയമം ലംഘിച്ചതിന് വയനാട്ടിലെ വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിനെ പ്രതിനിധീകരിക്കുന്ന മുസ്ലീം ലീഗിലെ പി. കെ. മിനിയെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യയാക്കി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റു കൂടിയായ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിലെ പി. ഉസ്മാൻ സമർപ്പിച്ച ഹർജിയിലാണ് കമ്മീഷൻ ഉത്തരവായത്.

വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ യു.ഡി.എഫ് അംഗങ്ങളായ പ്രസിഡന്റിനും വൈസ് പ്രസിഡന്റിനും എതിരെ പ്രതിപക്ഷം അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ പാർട്ടി വിപ്പ് ലംഘിച്ച് ഇവർ അനുകൂലിച്ചിരുന്നു. ഇക്കാരണത്താൽ കൂറുമാറ്റ നിരോധന നിയമ പ്രകാരം പി.കെ. മിനിയെ അയോഗ്യയായി പ്രഖ്യാപിക്കണമെന്ന ഹർജിക്കാരന്റെ ആവശ്യം കമ്മീഷൻ അംഗീകരിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് ഇവരെ ആറു വർഷത്തേക്ക് വിലക്കിയിട്ടുമുണ്ട്.

*(എസ്.ഇ.സി. 29/2014)*

## 2) ഇ – മെയിൽ വിലാസം

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിലവിലുള്ള ഇ-മെയിൽ വിലാസമായ electionker@sify.com ജൂലൈ ഒന്നു മുതൽ പ്രവർത്തിക്കുന്നതല്ല. ഇതിനു പകരം electionker@gmail.com എന്ന വിലാസം ഉപയോഗിക്കാവുന്നതാണ്.

*(എസ്.ഇ.സി. 30/2014)*

| GRAMS: KERELECOM E-Mail: electionker@sify.com | പത്രക്കുറിപ്പ് | TELEPHONE: 0471-2338288,2326148 FAX: 0471-2338288 0471-2334130 |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 16th June 2014 |


## ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ്

മലപ്പുറം ജില്ലയിലെ നന്നംമുക്ക്, കോട്ടയം ജില്ലയിലെ വിജയപുരം, കൊല്ലം ജില്ലയിലെ കുണ്ടറ എന്നീ ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനത്തേക്ക് ജൂൺ 23 ന് തിരഞ്ഞെടുപ്പ് നടത്തും.

*(എസ്.ഇ.സി. 26/2014)*

## വോട്ടർ പട്ടിക പുതുക്കൽ: ആക്ഷേപങ്ങൾ അറിയിക്കാം

കോട്ടയം ജില്ലയിലെ കടുത്തുരുത്തി ഗ്രാമപഞ്ചായത്തിലെ എഴുമാത്തുരുത്ത് മണ്ഡലത്തിൽ നടക്കുന്ന ഉപതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കരട് വോട്ടർ പട്ടിക ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്, വില്ലേജ്, താലൂക്ക് ആഫീസുകളിൽ പ്രസിദ്ധീകരിച്ചു. ആക്ഷേപങ്ങളും, അഭിപ്രായങ്ങളും ജൂൺ 27 വരെ സ്വീകരിക്കുന്നതാണ് .

*(എസ്.ഇ.സി. 27/2014)*

## തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഒഴിവ്

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻെറ തിരുവനന്തപുരം ഓഫീസിൽ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവിലേയ്ക്ക് (ശമ്പള സ്കെയിൽ - 9940-16580) ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

സംസ്ഥാന സർക്കാർ വകുപ്പുകൾ (സെക്രട്ടേറിയറ്റ് ഉൾപ്പെടെ), സമാന തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്ന് വകുപ്പ് തലവൻ മുഖേന, കേരള സർവ്വീസ് ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള അപേക്ഷ, സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കോർപ്പറേഷൻ കോംപ്ലക്സ്, എൽ.എം.എസ്.ജംഗ്ഷൻ, വികാസ്ഭവൻ.പി.ഒ, തിരുവനന്തപുരം, പിൻ-695033 എന്ന വിലാസത്തിൽ ജൂലൈ 15 -നകം ലഭിക്കണം.

*(എസ്.ഇ.സി. 28/2014)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

4th June 2014

## കൂറുമാറിയ ആറു ഗ്രാമപഞ്ചായത്തംഗങ്ങളെ അയോഗ്യരാക്കി

കൂറുമാറ്റ നിരോധന നിയമം ലംഘിച്ചതിന് കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിലെ ആറ് അംഗങ്ങളെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യരാക്കി. പഞ്ചായത്തിലെ മറ്റ് അംഗങ്ങളായ സാലി ജോസഫ്, കെ.സി. ചാക്കോ എന്നിവർ നൽകിയ ഹർജിയിലാണ് ജെസ്സി പീടിയേക്കൽ, ജോസഫ് ആന്റണി പെരുവംതൊടിയിൽ, മേരിക്കുട്ടി സെബാസ്റ്റ്യൻ, അനു ബിജു, ജയ്സൺ കാരക്കാട്ട്, മിനി വിശ്വനാഥൻ എന്നീ യു.ഡി.എഫ് അംഗങ്ങളെ അയോഗ്യരാക്കിയത്. ഇവരിൽ ജെസ്സി പീടിയേക്കൽ നിലവിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റാണ്.

അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്ന കെ. സി. ചാക്കോക്ക് എതിരെ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ പാർട്ടി വിപ്പ് ലംഘിച്ച് ഇവർ അനുകൂലിച്ചിരുന്നു. ഇതിനെ തുടർന്ന് പഞ്ചായത്ത് പ്രസിഡന്റ് പുറത്താക്കപ്പെടുകയുണ്ടായി. പാർട്ടി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വോട്ട് ചെയ്ത അംഗങ്ങൾ കൂറുമാറ്റ നിരോധന നിയമപ്രകാരം അയോഗ്യരാണെന്ന് കമ്മീഷൻ വിധിച്ചു. തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് ഇവരെ ആറു വർഷത്തേയ്ക്ക് വിലക്കിയിട്ടുമുണ്ട്.

*(എസ്.ഇ.സി. 25/2014)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

28th May 2014

## സ്ഥാനമേൽക്കാതിരുന്ന പഞ്ചായത്ത് പ്രസിഡന്റിനെ അയോഗ്യനാക്കി

പഞ്ചായത്ത് പ്രസിഡന്റായി രണ്ട് തവണ തിരഞ്ഞെടുക്കപ്പെട്ടിട്ടും ചുമതലയേൽക്കാതിരുന്ന പാലക്കാട് ജില്ലയിലെ ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്തംഗം ടി.കെ. ഗോവിന്ദൻകുട്ടിയെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യനാക്കി.

പഞ്ചായത്തിലെ മറ്റൊരംഗമായ പി.എ. ഷൗക്കത്തലി നൽകിയ ഹർജിയിലാണ് ഉത്തരവ്.

കഴിഞ്ഞ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ 19 അംഗഭരണ സമിതിയിൽ യു.ഡി.എഫ്. ന് എട്ടും എൽ.ഡി.എഫിന് ഏഴും ബി.ജെ.പി.യ്ക്ക് നാലും സീറ്റ് ലഭിച്ചു. ബി.ജെ.പി. വോട്ടെടുപ്പിൽ നിന്ന് വിട്ടു നിന്നതിനെ തുടർന്ന് കോൺഗ്രസ് അംഗം ശ്രീവത്സൻ പ്രസിഡന്റായി. കോൺഗ്രസിലെ ധാരണ പ്രകാരം പ്രസിഡന്റ് സ്ഥാനം ഹർജിക്കാരനുമായി പങ്കിടേണ്ടിയിരുന്നതു കാരണം ശ്രീവത്സൻ പ്രസിഡന്റ് സ്ഥാനം രാജിവച്ചു. പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് വീണ്ടും തിരഞ്ഞെടുപ്പ് നടന്നപ്പോൾ എൽ.ഡി.എഫും യു.ഡി.എഫും ബി.ജെ.പി.യും മത്സരിച്ചു. കുറവ് വോട്ട് ലഭിച്ച ബി.ജെ.പി. സ്ഥാനാർത്ഥിയെ ഒഴിവാക്കി നടന്ന രണ്ടാംഘട്ട വോട്ടെടുപ്പിൽ എൽ.ഡി.എഫി.ലെ ഗോവിന്ദൻകുട്ടി ബി.ജെ.പി. പിന്തുണച്ചതിനാൽ പ്രസിഡന്റായി. എന്നാൽ ബി.ജെ.പി. പിന്തുണയോടെ തിരഞ്ഞെടുക്കപ്പെട്ടതിനാൽ ഗോവിന്ദൻകുട്ടി പ്രസിഡന്റ് സ്ഥാനം ഏറ്റെടുത്തില്ല. അതിനെത്തുടർന്ന് വീണ്ടും പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുപ്പ് നടത്തുകയും ബി.ജെ.പി. പിന്തുണച്ചതിനാൽ ഗോവിന്ദൻകുട്ടി തന്നെ തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ബി.ജെ.പി. പിന്തുണച്ച കാരണത്താൽ അദ്ദേഹം വീണ്ടും പ്രസിഡന്റ് സ്ഥാനം ഏറ്റെടുക്കാൻ വിസമ്മതിച്ചതിനാൽ പഞ്ചായത്ത് രാജ് നിയമത്തിലെ 35 (ആർ) വകുപ്പ് പ്രകാരം കമ്മീഷൻ അദ്ദേഹത്തെ അയോഗ്യനാക്കുകയായിരുന്നു.

*(എസ്.ഇ.സി. 24/2014)*

| GRAMS: KERELECOM<br>E-Mail: electionker@sify.com | **പത്രക്കുറിപ്പ്** | TELEPHONE: 0471-2338288,2326148<br>FAX: 0471-2338288<br>0471-2334130 |
|---|---|---|
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **23rd May 2014** |


## ഉപതിരഞ്ഞെടുപ്പ് എൽ.ഡി.എഫ് – 17, യു.ഡി.എഫ് – 13, ബി.ജെ.പി – 01

സംസ്ഥാനത്തെ മുപ്പത്തിനാല് തദ്ദേശസ്വയംഭരണ വാർഡുകളിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന്-17 ഉം, യു.ഡി.എഫിന് 13 ഉം സീറ്റും ലഭിച്ചു. മൂന്ന് വാർഡുകളിൽ സ്വതന്ത്ര സ്ഥാനാർത്ഥികൾ വിജയിച്ചപ്പോൾ ഒരിടത്ത് ബി.ജെ.പി വിജയം കണ്ടു.തിരഞ്ഞെടുപ്പ് നടന്ന രണ്ട് ജില്ലാ പഞ്ചായത്ത് ഡിവിഷനുകളും എൽ.ഡി.എഫ് നിലനിർത്തി. തിരുവനന്തപുരത്തെ നാവായിക്കുളത്ത് സി.പി.ഐ എമ്മിലെ എസ്. ജലജാഭായിയ്ക്ക് 4,812 ഉം തൃശ്ശൂരിലെ വള്ളത്തോൾ നഗറിൽ സി.പി.ഐ.എമ്മിലെ റംലാ ഷെരീഫിന് 5,924 ഉം വോട്ടിന്റെ ഭൂരിപക്ഷം ലഭിച്ചു.തിരുവനന്തപുരം കോർപ്പറേഷനിലെ ആറ്റിപ്രയിൽ സി.പി.ഐ.എമ്മിലെ ശോഭാ ശിവദത്ത് 913 വോട്ടുകൾക്ക് വിജയിച്ചു. ചിറ്റൂർ-തത്തമംഗലം നഗരസഭയിലെ വടക്കത്തറയിൽ ഐ.എൻ.സി.യിലെ രാധാമണി 229 ഉം, പെരുമ്പാവൂരിലെ ശാസ്തമംഗലത്ത് യു.ഡി.എഫ് സ്വതന്ത്ര 10 ഉം, തളിപ്പറമ്പിലെ മുക്കോലയിൽ മുസ്ലീം ലീഗിലെ പി. സി. നസീർ 973 ഉം വോട്ടിന് വിജയിച്ചു.

**ബ്ലോക്ക്പഞ്ചായത്തിൽ വിജയിച്ചവർ**: വർക്കലയിലെ ഒറ്റൂർ- സി.എസ്. രാജീവ് (സി.പി.ഐ(എം))-172, ഈരാറ്റുപേട്ടയിലെ മൂന്നിലവ്- മെഴ്സി ഷൈൻ (ഐ.എൻ.സി)-472, അടിമാലിയിലെ മുനിയറ-രമ്യ റനീഷ് (എൽ.ഡി.എഫ് (സ്വ))-156, ആലത്തൂരിലെ എരിമയൂർ-ആർ.രമേഷ് കുമാർ (സി.പി.ഐ.(എം)-2,297, മങ്കടയിലെ മങ്കട - ദീപ (മുസ്ലീം ലീഗ്)-672.

**ഗ്രാമപഞ്ചായത്തിൽ ജയിച്ചവരും ഭൂരിപക്ഷവും**: **തിരുവനന്തപുരം**: കരുംകുളത്തെ ചെമ്പകരാമൻതുറ -വിൻസന്റ് സെബാസ്റ്റ്യൻ (ജനതാദൾ-എസ്)-40, **കൊല്ലം**: പൂയപ്പള്ളിയിലെ പൂയപ്പള്ളി -രാജു ചാവടി (ഐ.എൻ.സി)-218, **പത്തനംതിട്ട**: കുറ്റൂരിലെ പടിഞ്ഞാറ്റോത്തര കിഴക്ക് - സുജ സണ്ണി (കേരള കോൺ.(എം)) -121, **ആലപ്പുഴ**: പള്ളിപ്പാട്ടെ തെക്കേക്കരകിഴക്ക് - രാജി സോമൻ (എൽ.ഡി.എഫ്. (സ്വ)) -01, **കോട്ടയം**: കടുത്തുരുത്തിയിലെ ഗവൺമെന്റ് ഹൈസ്ക്കൂൾ- ആൽബർട്ട് ജോസഫ് (സ്വ) -78, പൂഞ്ഞാറിലെ നെടുന്താനം - പി. എ. സനൽ (ബി.ജെ.പി.)-116, **എറണാകുളം**: മഞ്ഞള്ളൂരിലെ വാഴക്കുളം നോർത്ത്- നൈസി ഡൊമനിക് (സ്വ) -127, **തൃശ്ശൂർ**: വേളൂക്കരയിലെ അയ്യപ്പൻകാവ് - ട്രീസ മനോഹരൻ (സി.പി.ഐ.(എം))-537, **പാലക്കാട്**: അനങ്ങനടിയിലെ കോട്ടക്കുളം- കെ. കെ. റഷീദ (മുസ്ലീം ലീഗ്)-118, കാഞ്ഞിരപ്പുഴയിലെകുപ്പാക്കുറിശ്ശി- പി. മണികണ്ഠൻ (സി.പി.ഐ.) -380, അഗളിയിലെ ചിണ്ടക്കി - ശാന്ത (സി.പി.ഐ.(എം)) - 132, അഗളിയിലെ ഭൂതിവഴി - റാണി (ജനതാദൾ-എസ്) - 85, **മലപ്പുറം**: തിരുവാലിയിലെഇല്ലത്ത്കുന്ന്പ്രീതി (സി.പി.ഐ.(എം))-352, ഒതുക്കുങ്ങലിലെ ഒതുക്കുങ്ങൽ ടൗൺ- മുഹമ്മദ് ശരീഫ് (മുസ്ലീം ലീഗ്)-43, തിരൂരങ്ങാടിയിലെ കോട്ടുവാലക്കാട്-ഹംസ (എൽ.ഡി.എഫ് (സ്വ))-43, വള്ളിക്കുന്നിലെകൊടക്കാട്ഈസ്റ്റ്സജിത (സി.പി.ഐ.(എം))-307, **കോഴിക്കോട്**: ചങ്ങരോത്തെ കുളക്കണ്ടം - കെ. സി. കുഞ്ഞബ്ദുള്ള (മുസ്ലീം ലീഗ്)- 154, തലക്കുളത്തൂരിലെ പറമ്പത്ത്- പ്രബിത ചീരോത്ത് (ഐ.എൻ. സി.)-33, ചാത്തമംഗലത്തെ പൂള്ളാവൂർ - അബ്ദുറഹിമാൻ കുട്ടി (മുസ്ലീം ലീഗ്)-302, **വയനാട്**: അമ്പലവയലിലെ കുപ്പമുടി - ഷൈല ജോയി (സ്വ) -32, **കണ്ണൂർ**: വേങ്ങോട്ടെ പാച്ചപ്പൊയ്ക - എൽ. പ്രമീള (സി.പി. ഐ.(എം))-536, കേളകത്തെ കേളകം - എ.കെ. സതീശൻ (സി.പി.ഐ.(എം))-09, **കാസറഗോഡ്**: പൈവളികെയിലെ കളായി -അബു സാലി (മുസ്ലീം ലീഗ്)-142.

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് ജയിച്ച ചെമ്പകരാമൻതുറ, തെക്കേക്കരകിഴക്ക്, മുനിയറ, കുപ്പാക്കുറിശ്ശി, ചിണ്ടക്കി, ഭൂതിവഴി, കോട്ടുവലക്കാട്, കൊടക്കാട് ഈസ്റ്റ്, കേളകം, എന്നീ വാർഡുകളിൽ എൽ.ഡി.എഫും, വാഴക്കുളം നോർത്ത്, ഹൈസ്ക്കൂൾ വാർഡുകളിൽ സ്വതന്ത്രരും വിജയിച്ചപ്പോൾ എൽ. ഡി.എഫ് സിറ്റിംഗ് സീറ്റുകളായ മൂന്നിലവ്, ശാസ്തമംഗലം വാർഡുകൾ കോൺഗ്രസിനും, നെടുന്താനം ബി. ജെ.പി.യ്ക്കും, കുപ്പമുടി വാർഡ് സ്വതന്ത്രനും ലഭിച്ചു.

*(എസ്.ഇ.സി. 23/2014)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**20th May 2014**

## കൂറുമാറിയ പഞ്ചായത്ത് വൈസ് പ്രസിഡന്റിനെ അയോഗ്യനാക്കി

കൂറുമാറ്റ നിരോധന നിയമം ലംഘിച്ചതിന് കോട്ടയം ജില്ലയിൽ അയ്മനം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി. കെ. റജിമോനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യനാക്കി.

പഞ്ചായത്തിലെ മറ്റൊരംഗമായ അനിലാ ബാബുവിന്റെ ഹർജിയിലാണ് ഉത്തരവ്

കഴിഞ്ഞ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ 20 അംഗ ഭരണസമിതിയിൽ യു.ഡി.എഫ്-ന് 13-ഉം എൽ.ഡി.എഫിന് ആറും സ്വതന്ത്രന് ഒരു സീറ്റും ലഭിച്ചു. തുടർന്ന് പ്രസിഡന്റായി കോൺഗ്രസ് അംഗവും, വൈസ് പ്രസിഡന്റായി കേരളാ കോൺഗ്രസ് അംഗമായ റജിമോനും തിരഞ്ഞെടുക്കപ്പെട്ടു. കേരള കോൺഗ്രസിന് വൈസ് പ്രസിഡന്റ് സ്ഥാനം നാലുവർഷത്തേയ്ക്കാണ് നൽകിയത്. അതിൽ രണ്ടര വർഷം റജിമോനും തുടർന്ന് മറ്റൊരംഗത്തിനും വൈസ് പ്രസിഡന്റ് സ്ഥാനം നൽകാൻ കേരളാ കോൺഗ്രസ് എമ്മിൽ ധാരണയായി. എന്നാൽ കാലാവധി പൂർത്തിയാക്കിയ ശേഷവും സ്ഥാനം രാജിവെയ്ക്കാൻ റജിമോൻ തയ്യാറായില്ല. ഇത് കാരണം കേരളാ കോൺഗ്രസ് (എം) റജിമോനെതിരെ അവിശ്വാസപ്രമേയത്തിന് നോട്ടീസ് നൽകി. വോട്ടെടുപ്പിൽ റജിമോനൊപ്പം എതാനും കോൺഗ്രസ് അംഗങ്ങളും, സി.പി.ഐ (എം) അംഗങ്ങളും വിട്ടു നിന്നതിനെത്തുടർന്ന് അവിശ്വാസപ്രമേയം പരാജയപ്പെട്ടു. പാർട്ടി നിർദ്ദേശം ലംഘിച്ച് വൈസ് പ്രസിഡന്റ് സ്ഥാനത്ത് തുടരുകയും, എതിർപക്ഷത്തോടൊപ്പം ചേർന്ന് അവിശ്വാസ പ്രമേയം പരാജയപ്പെടാൻ സാഹചര്യമുണ്ടാക്കുകയും ചെയ്ത നടപടി കൂറുമാറ്റമാണന്ന് വിലയിരുത്തിയ കമ്മീഷൻ റജിമോനെ അയോഗ്യനാക്കി. തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് അദ്ദേഹത്തെ ആറു വർഷത്തേയ്ക്ക് വിലക്കിയിട്ടുമുണ്ട്.

*(എസ്.ഇ.സി. 22/2014)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**19th May 2014**

## മുപ്പത്തിനാല് വാർഡുകളിൽ 22 ന് ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ മുപ്പത്തിനാല് തദ്ദേശസ്വയംഭരണ വാർഡുകളിൽ മെയ് 22ന് നടക്കുന്ന തിരഞ്ഞെടുപ്പിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായതായി തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അറിയിച്ചു. മുപ്പത്തിയഞ്ച് വാർഡുകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും കണ്ണൂർ ജില്ലയിൽ കതിരൂർ പഞ്ചായത്തിലെ പുല്യോട് ഈസ്റ്റ് വാർഡിൽ സി.പി.ഐ.എമ്മിലെ കെ. ഷിമി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെടുകയായിരുന്നു.

തിരഞ്ഞെടുപ്പ് നടക്കുന്ന വാർഡുകൾ ജില്ല തിരിച്ച് : **തിരുവനന്തപുരം**: ജില്ലാ പഞ്ചായത്തിലെ നാവായിക്കുളം, കോർപ്പറേഷനിലെ ആറ്റിപ്ര, വർക്കല ബ്ലോക്ക് പഞ്ചായത്തിലെ ഒറ്റൂർ, കരുംകുളം ഗ്രാമപഞ്ചായത്തിലെ ചെമ്പകരാമൻതുറ, **കൊല്ലം**: പൂയപ്പള്ളിയിലെ പൂയപ്പള്ളി, **പത്തനംതിട്ട**: കുറ്റൂരിലെ പടിഞ്ഞാറ്റോത്തറ കിഴക്ക്, **കോട്ടയം**: ഈരാറ്റുപേട്ട ബ്ലോക്കിലെ മൂന്നിലവ്, കടുത്തുരുത്തിയിലെ ഗവൺമെന്റ് ഹൈസ്ക്കൂൾ,
പൂഞ്ഞാറിലെ നെടുന്താനം, **ഇടുക്കി**: അടിമാലി ബ്ലോക്കിലെ മുനിയറ, **ആലപ്പുഴ**: പള്ളിപ്പാട്ടെ തെക്കേക്കര കിഴക്ക്, **എറണാകുളം**: പെരുമ്പാവൂർ നഗരസഭയിലെ ശാസ്തമംഗലം, മഞ്ഞള്ളൂരിലെ വാഴക്കുളം നോർത്ത്, **തൃശ്ശൂർ**: ജില്ലാ പഞ്ചായത്തിലെ വള്ളത്തോൾ നഗർ, വേളൂക്കരയിലെ അയ്യപ്പൻകാവ്, **പാലക്കാട്**: ചിറ്റൂർ-തത്തമംഗലം നഗരസഭയിലെ വടക്കത്തറ, ആലത്തൂർ ബ്ലോക്കിലെ എരിമയൂർ, അനങ്ങനടിയിലെ കോട്ടക്കുളം, കാഞ്ഞിരപ്പുഴയിലെ കുപ്പാക്കുറിശ്ശി, അഗളിയിലെ ചിണ്ടക്കി, ഭൂതിവഴി, **മലപ്പുറം**: മങ്കട ബ്ലോക്കിലെ മങ്കട, തിരുവാലിയിലെ ഇല്ലത്ത്കുന്ന്, ഒതുക്കുങ്ങലിലെ ഒതുക്കുങ്ങൽ ടൗൺ, തിരൂരങ്ങാടിയിലെ കോട്ടുവാലക്കാട്, വള്ളിക്കുന്നിലെ കൊടക്കാട് ഈസ്റ്റ്, **കോഴിക്കോട്**: ചങ്ങരോത്തെ കുളക്കണ്ടം, തലക്കുളത്തൂരിലെ പറമ്പത്ത്, ചാത്തമംഗലത്തെ പൂള്ളാവൂർ, **വയനാട്**: അമ്പലവയലിലെ കുപ്പമുടി, **കണ്ണൂർ**: തളിപ്പറമ്പ് നഗരസഭയിലെ മുക്കോല, വേങ്ങാട്ടെ പാച്ചപ്പൊയ്ക, കേളകത്തെ കേളകം, **കാസറഗോഡ്**: പൈവളികെയിലെ കളായി.

പോളിംഗ് ബൂത്തിൽ പ്രവേശിക്കുന്നതിന് വോട്ടർമാർക്ക് ഫോട്ടോ തിരിച്ചറിയൽ രേഖ നിർബന്ധമാണ്. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻകാർഡ്, ഫോട്ടോ പതിച്ച എസ്.എസ്.എൽ.സി. ബുക്ക്, ദേശസാൽകൃതബാങ്കിൽ നിന്ന് ആറുമാസം മുമ്പു വരെ നൽകിയ ഫോട്ടോ പതിച്ച പാസ് ബുക്ക് എന്നിവയിലേതെങ്കിലും ഒന്ന് ഹാജരാക്കിയാൽ മതി. ലോകസഭാ
തിരഞ്ഞെടുപ്പിൽ ഇടതുകൈയ്യിലെ ചൂണ്ടുവിരലിൽ മഷി അടയാളപ്പെടുത്തിയ സാഹചര്യത്തിൽ ഉപതിരഞ്ഞെടുപ്പിൽ ഇടതുകൈയ്യിലെ നടുവിരലിലാവും മഷി ഇടുക. വോട്ടെണ്ണൽ മെയ് 23 നു നടക്കും.

*(എസ്.ഇ.സി. 21/2014)*

<table>
<tr><td>GRAMS:<br>KERELECOM<br>E-Mail:<br>electionker@sify.com</td><td>പത്രക്കുറിപ്പ്</td><td>TELEPHONE:<br>0471-2338288,2326148<br>FAX: 0471-2338288<br>0471-2334130</td></tr>
<tr><td></td><td>കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ</td><td>13th May 2014</td></tr>
</table>

## കൂറുമാറ്റം : പഞ്ചായത്ത് വൈസ്പ്രസിഡന്റിനെ അയോഗ്യനാക്കി

കൂറുമാറ്റ നിരോധന നിയമം ലംഘിച്ചതിന് കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് മാട്ടുമ്മൽ ബേബിയെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യനാക്കി.

പഞ്ചായത്ത് മുൻ പ്രസിഡന്റ് സിന്ധു നൽകിയ ഹർജിയിലാണ് ഉത്തരവ്.

കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ പഞ്ചായത്തിൽ ഏഴ് സീറ്റ് യു.ഡി.എഫിനും ആറെണ്ണം എൽ.ഡി.എഫിനും ലഭിച്ചു. തുടർന്ന് യു.ഡി.എഫിലെ സിന്ധു പ്രസിഡന്റായി. കോൺഗ്രസ് പാർട്ടിയിലുണ്ടാക്കിയ ധാരണപ്രകാരം രണ്ടര വർഷം കഴിയുമ്പോൾ പ്രസിഡന്റ് സ്ഥാനം മാട്ടുമ്മൽ ബേബിയ്ക്ക് നൽകണമായിരുന്നു. എന്നാൽ കാലാവധി പൂർത്തിയാകുന്നതിനുമുൻപെ പ്രസിഡന്റിനെതിരെ എൽ.ഡി. എഫ് അവിശ്വാസപ്രമേയം കൊണ്ടുവന്നു. വോട്ടെടുപ്പിൽ മാട്ടുമ്മൽ ബേബി എൽ.ഡി.എഫിനോടൊപ്പം ചേർന്നതിനാൽ അവിശ്വാസപ്രമേയം പാസായി. പിന്നീട് ബേബി എൽ.ഡി.എഫ് പിന്തുണയോടെ വൈസ്പ്രസിഡന്റുമായി. കോൺഗ്രസ് ടിക്കറ്റിൽ ജയിച്ചശേഷം എതിർപക്ഷത്തോടൊപ്പം ചേർന്ന് സ്വന്തം കക്ഷിയിലെ പ്രസിഡന്റിനെതിരെയുള്ള അവിശ്വാസപ്രമേയത്തെ അനുകൂലിക്കുകയും അവരുടെ പിന്തുണയോടെ വൈസ്പ്രസിഡന്റാവുകയും ചെയ്ത നടപടി കൂറുമാറ്റമാണെന്ന് വിലയിരുത്തിയ കമ്മീഷൻ ബേബിയെ അയോഗ്യനാക്കി. തദ്ദേശസ്വയംഭരണതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് അദ്ദേഹത്തെ ആറ് വർഷത്തേയ്ക്ക് വിലക്കിയിട്ടുണ്ട്.

*(എസ്.ഇ.സി. 19/2014)*

## തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഒഴിവ്

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ തിരുവനന്തപുരം ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒഴിവിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

സംസ്ഥാന സർക്കാർ വകുപ്പുകളിൽ (സെക്രട്ടേറിയറ്റ് ഉൾപ്പെടെ) സമാന തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർ, വകുപ്പ് തലവൻ മുഖേന, കേരള സർവ്വീസ് ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള അപേക്ഷ, സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കോർപ്പറേഷൻ കോംപ്ലക്സ്, എൽ.എം.എസ്. ജംഗ്ഷൻ, വികാസ്ഭവൻ.പി.ഒ, തിരുവനന്തപുരം, പിൻ- 695033 എന്ന വിലാസത്തിൽ ജൂൺ 17 -നകം നൽകണം.

*(എസ്.ഇ.സി. 20/2014)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

28th April 2014

## തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ വോട്ടിംഗ് യന്ത്രവും ഫോട്ടോ വോട്ടർപട്ടികയും നിർബന്ധമാക്കണം

തദ്ദേശഭരണ പൊതുതിരഞ്ഞെടുപ്പിൽ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രവും ഫോട്ടോ പതിച്ച വോട്ടർപട്ടികയും നിർബന്ധമാക്കാനുള്ള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശം നടപ്പാക്കാനാവശ്യമായ സഹായം നൽകാൻ സർവ്വകക്ഷി യോഗം സർക്കാരിനോടഭ്യർത്ഥിച്ചു.

ത്രിതല പഞ്ചായത്തുകളിലെ വോട്ടെടുപ്പിനായി പ്രത്യേകം രൂപകല്പനചെയ്ത മൾട്ടിപോസ്റ്റ് വോട്ടിംഗ് യന്ത്രങ്ങൾക്ക് മുപ്പത്തഞ്ച് കോടിയോളം രൂപ ചെലവ് വരുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ യോഗത്തെ അറിയിച്ചു. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഫോട്ടോ പതിച്ച വോട്ടർ പട്ടിക വാർഡടിസ്ഥാനത്തിൽ പുന:ക്രമീകരിക്കാനുള്ള പ്രാരംഭജോലികൾ കമ്മീഷൻ ആരംഭിച്ചു. ഈ നടപടികൾ പൂർത്തീകരിക്കാൻ സർക്കാർ സഹായം അനിവാര്യമാണെന്ന കമ്മീഷണറുടെ നിർദ്ദേശം യോഗത്തിൽ പങ്കെടുത്ത രാഷ്ട്രീയ കക്ഷി പ്രതിനിധികൾ അംഗീകരിച്ചു. ലോകസഭാ-നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ടിംഗ് യന്ത്രവും ഫോട്ടോ പതിച്ച വോട്ടർപട്ടികയും ഉപയോഗിക്കുന്നതുമൂലം തിരഞ്ഞെടുപ്പ് സംബന്ധിച്ച പരാതികൾ ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് യോഗത്തിൽ കക്ഷി നേതാക്കൾ അഭിപ്രായപ്പെട്ടു. ബൂത്ത് ലെവൽ ഓഫീസർമാർ നൽകുന്ന സ്ലിപ്പ് തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ തിരിച്ചറിയൽ രേഖയാക്കില്ലെന്നും കമ്മീഷണർ അറിയിച്ചു. വോട്ടർമാരെ തിരിച്ചറിയാൻ ഉപയോഗിക്കുന്ന ഫോട്ടോ തിരിച്ചറിയൽ രേഖ സംബന്ധിച്ചുള്ള അവ്യക്തതകൾ നീക്കുമെന്ന് അദ്ദേഹം പറഞ്ഞു.

പൊതുസ്ഥലങ്ങളിലെ പരസ്യങ്ങൾക്ക് നിയന്ത്രണം കൊണ്ടുവരാൻ ഉദ്ദേശിച്ച് തയ്യാറാക്കിയ കേരള വസ്തുവകൾ വിരൂപമാക്കൽ തടയൽ ബില്ലിനോട് രാഷ്ട്രീയ കക്ഷികൾ പൊതുവെ യോജിച്ചു. വഴിസൂചികകളും സ്ഥലനാമ ബോർഡുകളും പരസ്യം ഒട്ടിച്ച് കേടുവരുത്തുന്നത് കർശനമായി തടയണമെന്ന് യോഗം നിർദ്ദേശിച്ചു. സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സംഘടനാ ബോർഡുകൾ രാഷ്ട്രീയ പ്രചാരണത്തിന് ഉപയോഗിക്കുന്നത് തടയണം. തിരഞ്ഞെടുപ്പ് വേളകളിലല്ലാതെ സംഘടനകളും സ്ഥാപനങ്ങളും പരസ്യം സ്ഥാപിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്താൻ നിർദ്ദിഷ്ട നിയമത്തിൽ വ്യവസ്ഥ വേണമെന്നും യോഗത്തിൽ നിർദ്ദേശമുയർന്നു. യോഗത്തിലെ നിർദ്ദേശങ്ങൾ കൂടി കരട് ബില്ലിൽ ഉൾപ്പെടുത്തി സർക്കാരിന് സമർപ്പിക്കുമെന്ന് കമ്മീഷണർ അറിയിച്ചു. ദേശീയ-സംസ്ഥാന കക്ഷികളുടേയും നിയമസഭയിൽ പ്രാതിനിധ്യമുള്ള മറ്റ് കക്ഷികളുടേയും പ്രതിനിധികൾ പങ്കെടുത്തു.

*(എസ്.ഇ.സി. 18/2014)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

25th April 2014

## മുപ്പത്തിയഞ്ച് വാർഡുകളിൽ ഉപതിരഞ്ഞെടുപ്പിന് വിജ്ഞാപനമായി

സംസ്ഥാനത്തെ മുപ്പത്തിയഞ്ച് തദ്ദേശസ്വയംഭരണ വാർഡുകളിൽ മെയ് 22ന് നടക്കുന്ന ഉപതിരഞ്ഞെടുപ്പിന് തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു.

**തിരുവനന്തപുരം**: ജില്ലാ പഞ്ചായത്തിലെ നാവായിക്കുളം, കോർപ്പറേഷനിലെ ആറ്റിപ്ര, വർക്കല ബ്ലോക്ക് പഞ്ചായത്തിലെ ഒറ്റൂർ, കരുംകുളം ഗ്രാമപഞ്ചായത്തിലെ ചെമ്പകരാമൻതുറ, **കൊല്ലം**: പൂയപ്പള്ളിയിലെ പൂയപ്പള്ളി, **പത്തനംതിട്ട**: കുറ്റൂരിലെ പടിഞ്ഞാറ്റോത്തറ കിഴക്ക്, **കോട്ടയം**: ഈരാറ്റുപേട്ട ബ്ലോക്കിലെ മൂന്നിലവ്, കടുത്തുരുത്തിയിലെ ഗവൺമെന്റ് ഹൈസ്ക്കൂൾ, പൂഞ്ഞാറിലെ നെടുന്താനം, **ഇടുക്കി**: അടിമാലി ബ്ലോക്കിലെ മുനിയറ, **എറണാകുളം**: പെരുമ്പാവൂർ നഗരസഭയിലെ ശാസ്തമംഗലം, മഞ്ഞള്ളൂരിലെ വാഴക്കുളം നോർത്ത്, **തൃശ്ശൂർ**: ജില്ലാ പഞ്ചായത്തിലെ വള്ളത്തോൾ നഗർ, വേളൂക്കരയിലെ അയ്യപ്പൻകാവ്, **പാലക്കാട്**: ചിറ്റൂർ-തത്തമംഗലം നഗരസഭയിലെ വടക്കത്തറ, ആലത്തൂർ ബ്ലോക്കിലെ എരിമയൂർ, അനങ്ങനടിയിലെ കോട്ടക്കുളം, കാഞ്ഞിരപ്പുഴയിലെ കുപ്പാക്കുറിശ്ശി, അഗളിയിലെ ചിണ്ടക്കി, ഭൂതിവഴി, **മലപ്പുറം**: മങ്കട ബ്ലോക്കിലെ മങ്കട, തിരുവാലിയിലെ ഇല്ലത്ത്കുന്ന്, ഒതുക്കുങ്ങലിലെ ഒതുക്കുങ്ങൽ ടൗൺ, തിരൂരങ്ങാടിയിലെ കോട്ടുവാലക്കാട്, വള്ളിക്കുന്നിലെ കൊടക്കാട് ഈസ്റ്റ്, **കോഴിക്കോട്**: ചങ്ങരോത്തെ കുളക്കണ്ടം,
തലക്കുളത്തൂരിലെ പറമ്പത്ത്, ചാത്തമംഗലത്തെ പുള്ളാവൂർ, **വയനാട്**: അമ്പലവയലിലെ കുപ്പമുടി, **കണ്ണൂർ**: തളിപ്പറമ്പ് നഗരസഭയിലെ മുക്കോല, വേങ്ങാട്ടെ പാച്ചപ്പൊയ്ക, കതിരൂരിലെ പുല്ല്യോട് ഈസ്റ്റ്, കേളകത്തെ കേളകം, **കാസറഗോഡ്**: പൈവളികെയിലെ കളായി എന്നിവയാണ് വാർഡുകൾ

നാമനിർദ്ദേശക പത്രിക മെയ് 2 വരെ സ്വീകരിക്കും. സൂക്ഷ്മപരിശോധന 3 ന്. 5 വരെ പത്രിക പിൻവലിക്കാം. വോട്ടെണ്ണൽ മെയ് 23 നു നടക്കും. സ്ഥാനാർത്ഥികൾ ജൂൺ 21 നകം ചെലവ് കണക്ക് നൽകണം. തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച തദ്ദേശസ്ഥാപനങ്ങളിൽ ഇന്ന് (ഏപ്രിൽ 25) മുതൽ മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നു.

*(എസ്.ഇ.സി. 16/2014)*

## രാഷ്ട്രീയകക്ഷികളുടെ യോഗം 28ന്

കേരള വസ്തുവകകൾ വിരൂപമാക്കൽ നിരോധന ബില്ലിന്റെ കരടിൽ ഉൾപ്പെടുത്തിയ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളും, തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രമുപയോഗിക്കുന്നത് സംബന്ധിച്ചും ചർച്ച ചെയ്യാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ച രാഷ്ട്രീയകക്ഷികളുടെ യോഗം തിങ്കളാഴ്ച്ച (ഏപ്രിൽ 28) രാവിലെ 11 മണിക്ക് തിരുവനന്തപുരം ഗസ്റ്റ്ഹൗസിലെ മിനി കോൺഫറൻസ് ഹാളിൽ നടക്കും. ദേശീയ-സംസ്ഥാന കക്ഷികളുടെയും നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയകക്ഷികളുടേയും പ്രതിനിധികളെയാണ് യോഗത്തിന് ക്ഷണിച്ചിട്ടുള്ളത്.

*(എസ്.ഇ.സി. 17/2014)*

<table>
<tr><td rowspan="2">GRAMS:<br>KERELECOM<br>E-Mail:<br>electionker@sify.com</td><td>പത്രക്കുറിപ്പ്</td><td>TELEPHONE:<br>0471-2338288,2326148<br>FAX: 0471-2338288<br>0471-2334130</td></tr>
<tr><td>കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ</td><td>22nd April 2014</td></tr>
</table>

## കൂറുമാറിയ രണ്ടംഗങ്ങളെ അയോഗ്യരാക്കി

കൂറുമാറ്റ നിരരോധന നിയമം ലംഘിച്ചതിന് പത്തനംതിട്ട ജില്ലയിൽ നാരങ്ങാനം ഗ്രാമപഞ്ചായത്തിലെ രണ്ട് കോൺഗ്രസ് അംഗങ്ങളെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യരാക്കി.

പഞ്ചായത്തിലെ മറ്റൊരംഗമായ സൂസൻ എബ്രഹാം നൽകിയ ഹർജിയിലാണ്, അംഗങ്ങളായ ശശികല രാധാകൃഷ്ണൻ, പി.പി. മത്തായി എന്നിവരെ അയോഗ്യരാക്കിയത്.

പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ 14 അംഗഭരണസമിതിയിൽ യു.ഡി.എഫ് ആറും, എൽ.ഡി.എഫ് മൂന്നും ബി.ജെ.പി രണ്ടും, സ്വതന്ത്രർ മൂന്നും സീറ്റുകളിൽ വിജയിച്ചു. തുടർന്ന് സ്വതന്ത്രാംഗത്തിന്റെ പിന്തുണയോടെ കോൺഗ്രസിലെ ശശികല രാധാകൃഷ്ണൻ പ്രസിഡന്റായി. രണ്ടു വർഷത്തിനുശേഷം ശശികല സ്ഥാനമൊഴിയാനും പകരം സൂസൻ എബ്രഹാമിനെ പ്രസിഡന്റാക്കാനും കോൺഗ്രസിൽ ധാരണയുണ്ടായിരുന്നു. നിശ്ചിത സമയത്തുതന്നെ ശശികല പ്രസിഡന്റു സ്ഥാനം രാജിവച്ചു. എന്നാൽ പുതിയ പ്രസിഡന്റിനെ തിരഞ്ഞെടുക്കാനുള്ള യോഗത്തിൽ നിന്ന് ശശികലയും, മത്തായിയും വിട്ടു നിന്നു. തിരഞ്ഞെടുപ്പ് സമയത്ത് ഇരുവരും ചികിത്സാർത്ഥം സ്വകാര്യ ആശുപത്രിയിൽ പ്രവേശിക്കുകയും വോട്ടെടുപ്പിൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി മത്സരിച്ച സൂസൻ എബ്രഹാം പരാജയപ്പെടുകയും ചെയ്തു. വോട്ടെടുപ്പിൽ നിന്ന് വിട്ടു നിൽക്കാനാണ് ഇരുവരും ആശുപത്രിയിൽ പ്രവേശിച്ചതെന്ന് വിചാരണയിൽ വ്യക്തമായി. കോൺഗ്രസ് ടിക്കറ്റിൽ ജയിച്ച ശേഷം പാർട്ടി നിർദ്ദേശം ലംഘിച്ച് വോട്ടെടുപ്പിൽ നിന്ന് മനഃപൂർവ്വം വിട്ടുനിന്ന നടപടി കൂറുമാറ്റമാണെന്ന് വിലയിരുത്തിയ കമ്മീഷൻ ഇരുവരേയും അയോഗ്യരാക്കി. തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് ഇവരെ ആറു വർഷത്തേയ്ക്ക് വിലക്കിയിട്ടുണ്ട്.

*(എസ്.ഇ.സി. 15/2014)*

| GRAMS: KERELECOM E-Mail: electionker@sify.com | പത്രക്കുറിപ്പ് | TELEPHONE: 0471-2338288,2326148 FAX: 0471-2338288 0471-2334130 |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 21st April 2014 |

## പഞ്ചായത്ത് മുതൽ നശിപ്പിച്ചതിന് അംഗത്വം റദ്ദാക്കി

പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വരുത്തിയ എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തംഗം എ.എസ്.കെ. സെയ്ത് മുഹമ്മദിനെ സംസ്ഥാന തിരഞ്ഞടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യനാക്കി.

പഞ്ചായത്തിലെ മറ്റൊരംഗമായ കെ. വി. വേലു നൽകിയ ഹർജിയിലാണ് ഉത്തരവ്.

ഭരണസമിതിയിൽ അജണ്ടയ്ക്ക് പുറത്തുള്ള വിഷയം ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ട് സെയ്ത് മുഹമ്മദ് ബഹളം വെയ്ക്കുകയും ആവശ്യം തള്ളിയതിനെത്തുടർന്ന് യോഗഹാളിലെ ഒരു കസേര തറയിൽ എറിഞ്ഞുടയ്ക്കുകയുമായിരുന്നു. കസേര വലിച്ചെറിയാനായി ഉയർത്തിയപ്പോൾ ഹാളിലെ ഒരു ഫാനിനും കേടുപറ്റി. ഭരണനിർവ്വഹണത്തിൽ പങ്കാളിയായ ഒരംഗം തന്റെ പ്രവൃത്തി മൂലം പഞ്ചായത്തിനു ധനനഷ്ടം ഉണ്ടാക്കിയതായി വിചാരണയിൽ തെളിഞ്ഞതിനാൽ പഞ്ചായത്ത് രാജ് നിയമത്തിലെ 35 (1- ഒ) വകുപ്പ് പ്രകാരം കമ്മീഷൻ സെയ്ത് മുഹമ്മദിനെ അയോഗ്യനാക്കുകയായിരുന്നു.

*(എസ്.ഇ.സി. 13/2014)*

## തദ്ദേശഭരണവാഹികളുടെ തിരഞ്ഞെടുപ്പ്

വർക്കല നഗരസഭാ ചെയർപേഴ്സൺ, ചെങ്ങന്നൂർ നഗരസഭ ഡെപ്യൂട്ടി ചെയർപേഴ്സൺ, കോഴിക്കോട് ജില്ലയിൽ കാരശ്ശേരി ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് സ്ഥാനങ്ങളിലേയ്ക്ക് ഇന്ന് (ഏപ്രിൽ 22) തിരഞ്ഞെടുപ്പ് നടക്കും.

*(എസ്.ഇ.സി. 14/2014)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

15th March 2014

## സ്വത്ത് സമർപ്പിക്കുന്നതിൽ വീഴ്ച: കൗൺസിലറെ അയോഗ്യനാക്കി

പുതുതായി ആർജിച്ച സ്വത്ത് സംബന്ധിച്ച വിവരം നിശ്ചിത സമയപരിധിക്കുള്ളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയ കൊച്ചി കോർപ്പറേഷൻ കൗൺസിലർ ടി.കെ. ബാബുവിനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യനാക്കി.

യഥാസമയം സ്വത്ത് വിവരം സമർപ്പിക്കണമെന്ന നിയമം പാലിച്ചില്ലെന്നാരോപിച്ച് ഒരു വോട്ടറായ റാഫേൽ ആന്റണി സമർപ്പിച്ച ഹർജിയിലാണ് ഉത്തരവ്.

കൗൺസിലറായ ടി. കെ. ബാബു, ഭാര്യയുടെ പേരിൽ നിർമ്മിച്ച വീട്, സുഹൃത്തിനുവേണ്ടി വാങ്ങിയ ഇരുചക്രവാഹനം എന്നിവ സംബന്ധിച്ച വിവരമാണ് നിശ്ചിത സമയപരിധിയായ മൂന്നു മാസത്തിനുള്ളിൽ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയത്. വീട് ഭാര്യ അവരുടെ സമ്പാദ്യമുപയോഗിച്ച് വാങ്ങിയതാണെന്നും ഇരുചക്ര വാഹനം സ്നേഹിതനുവേണ്ടി വാങ്ങിയതാണെന്നുമായിരുന്നു ബാബു അവകാശപ്പെട്ടത്. മുനിസിപ്പാലിറ്റി നിയമത്തിലെ 143 എ(2) വകുപ്പിന്റെ പരിധിയിൽ നിന്ന് ഒഴിവാകാനായി നിയമത്തെ ദുർവ്യാഖ്യാനിക്കുകയാണ് ബാബു ചെയ്തതെന്ന് വിലയിരുത്തിയ കമ്മീഷൻ അദ്ദേഹത്തെ അയോഗ്യനാക്കുകയായിരുന്നു.

*(എസ്.ഇ.സി. 11/2014)*

## സംവരണേതര ജാതിയിൽ ചേർന്ന കൗൺസിലർക്ക് അംഗത്വം നഷ്ടമായി

പട്ടികജാതി സംവരണമണ്ഡലത്തിൽ നിന്ന് വിജയിച്ചശേഷം സംവരണേതര സമുദായത്തിൽ ചേർന്ന തിരുവല്ല നഗരസഭാ കൗൺസിലറെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യയാക്കി.

പട്ടികജാതി സമുദായത്തിനായി സംവരണം ചെയ്ത പതിനേഴാം വാർഡിൽ നിന്ന് വിജയിച്ച അരുണ ചെല്ലപ്പനെയാണ് വാർഡിലെ ഒരു വോട്ടർ നൽകിയ ഹർജിയെത്തുടർന്ന് അയോഗ്യയാക്കിയത്.

നഗരസഭയിലെ പട്ടികജാതി വിഭാഗത്തിന് സംവരണം ചെയ്ത പതിനേഴാം വാർഡിൽ നിന്ന് വിജയിച്ച അരുണ, വിവാഹത്തിനു തൊട്ടു മുമ്പ് സംവരണേതര വിഭാഗമായ ക്രസ്ത്യൻ ചേരമർ സമുദായത്തിൽ ചേരുകയായിരുന്നു. മുനിസിപ്പാലിറ്റി നിയമത്തിലെ 91 (1എഎ) വകുപ്പ് പ്രകാരം സംവരണമണ്ഡലത്തിൽ നിന്ന് വിജയിച്ച ഒരു വ്യക്തി സംവരണേതര സമുദായത്തിൽ ചേർന്നാൽ അംഗത്വം നഷ്ടമാവുമെന്ന വ്യവസ്ഥപ്രകാരമാണ് അരുണയെ അയോഗ്യയാക്കിയത്.

*(എസ്.ഇ.സി. 12/2014)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

7th March 2014

## കൂറുമാറ്റം: പ്രസിഡന്റിനും, വൈസ് പ്രസിഡന്റിനും അയോഗ്യത

കൂറുമാറ്റനിരോധനനിയമം ലംഘിച്ചതിന് പത്തനംതിട്ട ജില്ലയിൽ മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷൻ എന്നിവരെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ.ശശിധരൻ നായർ അയോഗ്യരാക്കി.

പഞ്ചായത്തംഗമായ മേഴ്സി സാമുവലിന്റെ ഹർജിയിലാണ്, പ്രസിഡന്റ് എലിസബത്ത് നൈനാൻ, വൈസ് പ്രസിഡന്റ് സജീവ്. കെ. ഭാസ്കർ, സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷൻ തോമസ് റജി ഉമ്മൻ എന്നിവരെ അയോഗ്യരാക്കിയത്.

പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ പതിമൂന്നംഗ ഭരണസമിതിയിൽ കോൺഗ്രസ് അഞ്ചും, കേരളാ കോൺഗ്രസ് (എം) രണ്ടും, സി.പി.ഐ (എം) നാലും, സി. പി. ഐ, ബി.ജെ.പി എന്നിവർ ഓരോ സീറ്റിലും വിജയിച്ചു. തുടർന്ന് കോൺഗ്രസിലെ മേഴ്സി സാമുവൽ പ്രസിഡന്റും, സജീവ് ഭാസ്കർ വൈസ് പ്രസിഡന്റുമായി.

യു.ഡി.എഫിലെ ധാരണ പ്രകാരം രണ്ടര വർഷത്തിനുശേഷം വൈസ് പ്രസിഡന്റ് സ്ഥാനം കേരളാ കോൺഗ്രസ് (എം)- ന് നൽകണമായിരുന്നു. നിശ്ചിത കാലയളവിനുശേഷം വൈസ് പ്രസിഡന്റ് സ്ഥാനം രാജിവെക്കാൻ വിസമ്മതിച്ച സജീവ് ഭാസ്കർ, പ്രതിപക്ഷ പിന്തുണയോടെ പ്രസിഡന്റിനെതിരെ അവിശ്വാസപ്രമേയം കൊണ്ടുവന്നു. കൂറുമാറിയ കോൺഗ്രസ് അംഗങ്ങൾ എൽ.ഡി.എഫിനൊപ്പം ചേർന്ന് വോട്ട് ചെയ്തതുകൊണ്ട് അവിശ്വാസ പ്രമേയം പാസായി. തുടർന്ന് എൽ.ഡി.എഫ് പിന്തുണയോടെ എലിസബത്ത് നൈനാൻ പ്രസിഡന്റുമായി. കോൺഗ്രസ് ടിക്കറ്റിൽ ജയിച്ച ശേഷം പ്രതിപക്ഷത്തോടൊപ്പം ചേർന്ന് സ്വന്തം പാർട്ടിയിൽപെട്ട പ്രസിഡന്റിനെ അവിശ്വാസ പ്രമേയത്തിലൂടെ പുറത്താക്കുകയും അവരുടെ പിന്തുണയോടെ പ്രസിഡന്റാവുകയും ചെയ്ത നടപടി കൂറുമാറ്റമാണെന്ന് വിലയിരുത്തിയ കമ്മീഷൻ മൂന്നുപേരേയും അയോഗ്യരാക്കി. തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് ഇവരെ ആറു വർഷത്തേയ്ക്ക് വിലക്കിയിട്ടുണ്ട്.

*(എസ്.ഇ.സി. 10/2014)*

| GRAMS: KERELECOM<br>E-Mail: electionker@sify.com | # പത്രക്കുറിപ്പ് | TELEPHONE: 0471-2338288,2326148<br>FAX: 0471-2338288<br>0471-2334130 |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 26th February 2014 |


## കൂറുമാറ്റം: പ്രസിഡന്റ് ഉൾപ്പെടെ ആറംഗങ്ങളെ അയോഗ്യരാക്കി

കൂറുമാറ്റനിരോധനനിയമം ലംഘിച്ചതിന് തിരുവനന്തപുരം ജില്ലയിൽ പള്ളിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും വൈസ് പ്രസിഡന്റുമുൾപ്പെടെ ആറംഗങ്ങളെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യരാക്കി.

പഞ്ചായത്തംഗമായ ലിസ നിസാം നൽകിയ ഹർജിയിലാണ് പ്രസിഡന്റ് അംബികാകുമാരി, വൈസ് പ്രസിഡന്റ് പള്ളിക്കൽ നസീർ, അംഗങ്ങളായ വി.എസ്. രമ്യ, എസ്. രമണിയമ്മ, മണികണ്ഠൻ പള്ളിക്കൽ, വി.ഡി. ദീപ്തി എന്നിവരെ അയോഗ്യരാക്കിയത്.

പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ, പതിമൂന്നംഗ ഭരണസമിതിയിൽ കോൺഗ്രസിന് എട്ടും, സി.പി.ഐ.എമ്മിന് നാലും, ബി.ജെ.പി യ്ക്ക് ഒരു സീറ്റും ലഭിച്ചു. തുടർന്ന് കോൺഗ്രസിലെ ലിസാ നിസാം പ്രസിഡന്റും, പള്ളിക്കൽ നസീർ വൈസ് പ്രസിഡന്റുമായി. ഭരണസമിതിയിലെ അഭിപ്രായ വ്യത്യാസത്തെത്തുടർന്ന്, അയോഗ്യരാക്കപ്പെട്ട അംഗങ്ങൾ എൽ.ഡിഎഫിന്റേയും ബി.ജെ.പിയുടേയും പിന്തുണയോടെ പ്രസിഡന്റിനെതിരെ 2013 ഏപ്രിലിൽ അവിശ്വാസപ്രമേയം കൊണ്ടുവന്നു. കോൺഗ്രസ് നേതൃത്വം നൽകിയ നിർദ്ദേശം തള്ളിയ വിമത അംഗങ്ങൾ അനുകൂലിച്ചതിനെത്തുടർന്ന് അവിശ്വാസപ്രമേയം പാസ്സായി. കോൺഗ്രസ് ടിക്കറ്റിൽ ജയിച്ച ശേഷം എതിർപക്ഷത്തോടൊപ്പം ചേർന്ന് സ്വന്തം പർട്ടിയിലെ പ്രസിഡന്റിനെതിരെയുള്ള അവിശ്വാസപ്രമേയത്തെ പിന്തുണച്ച നടപടി കൂറുമാറ്റമായി കണക്കാക്കിയ കമ്മീഷൻ ആറംഗങ്ങളേയും അയോഗ്യരാക്കി. ഇവരെ തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് ആറു വർഷത്തേയ്ക്ക് വിലക്കിയിട്ടുണ്ട്.

*(എസ്.ഇ.സി. 08/2014)*

## തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഒഴിവ്

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ തിരുവനന്തപുരം ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒഴിവിലേയ്ക്ക് ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

സംസ്ഥാന സർക്കാർ വകുപ്പുകൾ (സെക്രട്ടേറിയറ്റ് ഉൾപ്പെടെ), സമാന തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർ വകുപ്പ് തലവൻ മുഖേന, കേരള സർവ്വീസ് ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള അപേക്ഷ, സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കോർപ്പറേഷൻ കോംപ്ലക്സ്, എൽ.എം.എസ്.ജംഗ്ഷൻ, വികാസ്ഭവൻ.പി.ഒ, തിരുവനന്തപുരം, പിൻ- 695033 എന്ന വിലാസത്തിൽ മാർച്ച് 27 നകം നൽകണം.

*(എസ്.ഇ.സി. 09/2014)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

22nd February 2014

## മൂന്ന് വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നു.

സംസ്ഥാനത്തെ മൂന്ന് തദ്ദേശസ്വയംഭരണ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പിനായി വോട്ടർപട്ടിക പുതുക്കാൻ നടപടി തുടങ്ങി.

എറണാകുളം ജില്ലയിൽ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ വാഴക്കുളം നോർത്ത്, മലപ്പുറം ജില്ലയിൽ വള്ളിക്കുന്നിലെ കൊടക്കാട് ഈസ്റ്റ്, തിരുവാലിയിലെ ഇല്ലത്ത്കുന്ന് എന്നിവയാണ് വാർഡുകൾ.

കരട് പട്ടിക ബന്ധപ്പെട്ട പഞ്ചായത്താഫീസിലും, വില്ലേജ്- ബ്ലോക്ക്- താലൂക്ക് ആഫീസുകളിലും പ്രസിദ്ധീകരിച്ചു. വാഴക്കുളം നോർത്തിൽ ഫെബ്രുവരി 25 വരെയും മറ്റിടങ്ങളിൽ 26 വരെയും ആക്ഷേപങ്ങളും അവകാശങ്ങളും നൽകാം.

## പഞ്ചായത്ത് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്തിൽ പ്രസിഡന്റ് കോട്ടയത്തെ മണിമല, ഇടുക്കിയിലെ കരിങ്കുന്നം, കണ്ണൂരിലെ കരിയാട് പഞ്ചായത്തുകളിൽ വൈസ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിലേയ്ക്ക് ഫെബ്രുവരി 24- നും, കോഴിക്കോട് താമരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് 25- നും തിരഞ്ഞെടുപ്പ് നടക്കും.

*(എസ്.ഇ.സി. 07/2014)*

| | | |
|---|---|---|
| GRAMS:<br>KERELECOM<br>E-Mail:<br>electionker@sify.com | പത്രക്കുറിപ്പ് | TELEPHONE:<br>0471-2338288,2326148<br>FAX: 0471-2338288<br>0471-2334130 |
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 11th February 2014 |


## കൂറുമാറിയ രണ്ട് ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളെ അയോഗ്യരാക്കി

കൂറുമാറ്റനിരോധനനിയമം ലംഘിച്ചതിന് തൃശ്ശൂർ ജില്ലയിൽ ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിലെ രണ്ട് കോൺഗ്രസ് അംഗങ്ങളെ സംസ്ഥാനതിരഞ്ഞെടുപ്പ്കമ്മീഷണർ കെ.ശശിധരൻ നായർ അയോഗ്യരാക്കി.

ബ്ലോക്ക്പഞ്ചായത്തംഗമായ കെ. പി. ഉമ്മർ നൽകിയ ഹർജിയിലാണ് സുനിതാ ബാലൻ, ഗോപാലകൃഷ്ണൻ എന്നിവരെ അയോഗ്യരാക്കിയത്.

കഴിഞ്ഞ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ പതിമൂന്നംഗ ഭരണസമിതിയിൽ കോൺഗ്രസിന് ആറും, മുസ്ലിംലീഗിന് നാലും, സി. പി. ഐ. എമ്മിന് മൂന്നും സീറ്റുകളാണ് ലഭിച്ചത്. തുടർന്ന് കോൺഗ്രസ്സിലെ ടി. പി. മുംതാസ് പ്രസിഡണ്ടും, മുസ്ലീംലീഗിലെ പി. എം. മുജീബ് വൈസ് പ്രസിഡണ്ടുമായി. 2012 നവംബറിൽ, പ്രസിഡണ്ടിനെതിരെ മുസ്ലീംലീഗും അയോഗ്യരാക്കപ്പെട്ട രണ്ടംഗങ്ങളും ചേർന്ന് അവിശ്വാസപ്രമേയത്തിന് നോട്ടിസ് നൽകി. അവിശ്വാസപ്രമേയത്തെ അനുകൂലിക്കരുതെന്ന് കോൺഗ്രസ് പാർട്ടി നൽകിയ നിർദ്ദേശം തള്ളിയ ഇരുവരും, മുസ്ലീം ലീഗിനും സി.പി.ഐ.എമ്മിനുമൊപ്പം ചേർന്ന് പ്രമേയത്തിനനുകൂലമായി വോട്ട് ചെയ്തു. കോൺഗ്രസ് ടിക്കറ്റിൽ ജയിച്ചശേഷം, പാർട്ടി നിർദ്ദേശം ലംഘിച്ച് സി.പി.ഐ.എമ്മിനൊപ്പം ചേർന്ന് അവിശ്വാസപ്രമേയത്തെ പിന്തുണച്ച നടപടി കൂറുമാറ്റമാണെന്ന് വിലയിരുത്തിയ കമ്മീഷൻ ഇരുവരേയും അയോഗ്യരാക്കി. തദ്ദേശഭരണതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് രണ്ടുപേരേയും ആറ് വർഷത്തേയ്ക്ക് വിലക്കിയിട്ടുണ്ട്.

*(എസ്.ഇ.സി. 06/2014)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

5th February 2014

## കൂറുമാറ്റം : നാലംഗങ്ങളെ അയോഗ്യരാക്കി

കൂറുമാറ്റനിരോധനനിയമം ലംഘിച്ചതിന് തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമ പഞ്ചായത്തിലെ നാലംഗങ്ങളെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യരാക്കി.

പഞ്ചായത്തിലെ മറ്റൊരംഗമായ ടെൽമ ജോൺ നൽകിയ ഹർജിയിലാണ് ബ്ലെയ്സി ഡിക്സൺ, റീത്ത ഡാഡ്‌ലി, ടെൽമ നെൽസൺ, ലക്ഷ്മി കുമാരി എന്നിവരെ അയോഗ്യരാക്കിയത്.

കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ യു.ഡി.എഫിൽ കോൺഗ്രസിന് പതിനൊന്നും മുസ്ലീം ലീഗിന് രണ്ടു സീറ്റുകളും എൽ.ഡി.എഫിൽ സി.പി.ഐ.എമ്മിന് എട്ടും സി.പി.ഐ.യ്ക്ക് ഒന്നും, ഒരു സീറ്റ് പി.ഡി.പി.യ്ക്കും ലഭിച്ചു. തുടർന്ന് കോൺഗ്രസിലെ ടെൽമ ജോൺ പ്രസിഡന്റായി. അയോഗ്യരാക്കപ്പെട്ട നാലംഗങ്ങൾ എതിർപക്ഷത്തോടൊപ്പം ചേർന്ന് 2012 സെപ്റ്റംബറിൽ പ്രസിഡന്റിനെതിരെ അവിശ്വാസപ്രമേയം കൊണ്ടുവന്നു. ഇവർ പാർട്ടി നിർദ്ദേശം ലംഘിച്ച് എൽ.ഡി.എഫിനൊപ്പം ചേർന്നതുകാരണം അവിശ്വാസ പ്രമേയം പാസായി. കോൺഗ്രസ് ടിക്കറ്റിൽ മത്സരിച്ച് ജയിച്ചശേഷം എതിർപക്ഷത്തോടൊപ്പം ചേർന്ന് സ്വന്തം കക്ഷിയിലെ പ്രസിഡന്റിനെ അവിശ്വാസത്തിലൂടെ പുറത്താക്കിയ നടപടി കൂറുമാറ്റമാണെന്ന് വിലയിരുത്തിയ കമ്മീഷൻ നാലംഗങ്ങളേയും അയോഗ്യരാക്കി. തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് ഇവരെ ആറ് വർഷത്തേയ്ക്ക് വിലക്കിയിട്ടുണ്ട്.

*(എസ്.ഇ.സി. 05/2014)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

29th January 2014

## ഉപതിരഞ്ഞെടുപ്പ്: എൽ.ഡി.എഫ് – 14, യു.ഡി.എഫ് – 7, ബി.ജെ.പി. – 2

സംസ്ഥാനത്തെ ഇരുപത്തിനാല് തദ്ദേശസ്വയംഭരണവാർഡുകളിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് പതിനാലും, യു.ഡി.എഫ് ഏഴും ബി.ജെ.പി രണ്ടും ഒരു സീറ്റിൽ സ്വതന്ത്രനും വിജയിച്ചു.

തൃശൂർ കോർപ്പറേഷനിലെ ഒല്ലൂർ വാർഡിൽ കേരള കോൺഗ്രസിലെ ജോൺ കാഞ്ഞിരതിങ്കൽ 47 -ഉം, കാസറഗോഡ് നഗരസഭയിലെ ആനബാഗിലു വാർഡിൽ ബി.ജെ.പിയിലെ സന്ധ്യ മല്ല്യ 432 -ഉം വോട്ടുകൾക്കും തിരഞ്ഞെടുക്കപ്പെട്ടു. മലപ്പുറം ജില്ലയിൽ കുറുവ ഗ്രാമപഞ്ചായത്തിലെ തോറ വാർഡിൽ ഇടതു മുന്നണി സ്ഥാനാർത്ഥിയ്ക്കും സ്വതന്ത്രനും തുല്യ വോട്ട് ലഭിച്ചതിനെ തുടർന്ന് നറുക്കെടുപ്പിലൂടെ സ്വതന്ത്ര സ്ഥാനാർത്ഥി ജനാർദ്ദനനെ വിജയിയായി പ്രഖ്യാപിച്ചു.

ഗ്രാമപഞ്ചായത്ത് വാർഡുകളിൽ ജയിച്ചവരും ഭൂരിപക്ഷവും :

**തിരുവനന്തപുരം**: കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ പെരുമ്പോട്ടുകോണം- രാജൻ (ഐ.എൻ.സി)-158, പനവൂരിലെ ആട്ടുകാൽ-എസ്.കെ. ഷൈല (സി.പി.ഐ.(എം))-106, പാങ്ങോട്ടെ ഉളിയൻ കോട്-ആർ. സുഭാഷ് (സി.പി.ഐ.(എം))-132 , **കൊല്ലം**: തേവലക്കരയിലെ കോയിവിള കിഴക്ക് -ജ്ഞാനാംബിക (ഐ.എൻ.സി)-125, **ആലപ്പുഴ**: കടക്കരപ്പള്ളിയിലെ മഞ്ചാടിക്കൽ-ഷാജി (സി.പി.ഐ.(എം))-64, ചമ്പക്കുളത്തെ ചമ്പക്കുളം-മോളി ടോമി (ഐ.എൻ.സി)-130, തൃക്കുന്നപ്പുഴയിലെ വലിയപറമ്പ്-അമ്മിണി ടീച്ചർ (ഐ.എൻ.സി)-194, **കോട്ടയം**: തലയാഴത്തെ പുന്നപ്പോഴി- വി.കെ. രാജപ്പൻ (സി.പി.ഐ.(എം)) – 38, കോരുത്തോടിലെ മടുക്ക – ഷൈല തങ്കച്ചൻ (സി.പി.ഐ) – 206, **തൃശ്ശൂർ**: മുല്ലശ്ശേരിയിലെ മാനിന – ടി.ജി. പ്രവീൺ (ബി.ജെ.പി) – 39, വലപ്പാട്ടെ പയച്ചോട് – സുധീർ പട്ടാലി (എൽ.ഡി.എഫ് (സ്വ)) – 314, കോതകുളം ബീച്ച് – കെ.ആർ. സതീശൻ (സി.പി.ഐ.(എം)) – 194 , കോടശ്ശേരിയിലെ ചട്ടിക്കുളം – സി.ഒ. ബാബു (സി.പി.ഐ.(എം)) – 137, **പാലക്കാട്**: പെരുമാട്ടിയിലെ പാറക്കളം- വി.പി. പ്രിയ (ഐ.എൻ.സി) – 116, **മലപ്പുറം**: മുതുവല്ലൂരിലെ പാപ്പത്ത്- സൈഫുദ്ദീൻ (എൽ.ഡി.എഫ് (സ്വ)) – 04,മംഗലത്തെ ആശാൻപടി – സി.പി. ഷുക്കൂർ (സി.പി.ഐ.(എം)) – 152 , അരയൻ കടപ്പുറം – എം.വി. ഹുസൈൻ (എൽ.ഡി.എഫ് (സ്വ)) – 97 , കൂട്ടായി നോർത്ത് – ഷിഹാബുദ്ദീൻ (എൽ.ഡി.എഫ് (സ്വ)) – 10 , **കോഴിക്കോട്**: കീഴരിയൂരിലെ കീഴരിയൂർ സെന്റർ – പ്രകാശൻ പാലപറമ്പ് (സി.പി.ഐ.(എം))- 386, കാക്കൂരിലെ നടുവല്ലൂർ – ഉണ്ണി മാധവൻ (ഐ.എൻ.സി) – 30 , **കണ്ണൂർ**: പായത്തെ കുന്നോത്ത് – കച്ചേരി പറമ്പിൽ ഭാസ്കരൻ (ഐ.എൻ.സി),- 189.

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് ജയിച്ച തൃശൂർ കോർപ്പറേഷനിലെ ഒല്ലൂർ, വലപ്പാട്ടെ പയച്ചോട്, കോതകുളം ബീച്ച്, മംഗലം ഗ്രാമപഞ്ചായത്തിലെ ആശാൻപടി, അരയൻ കടപ്പുറം, കൂട്ടായി നോർത്ത് വാർഡുകളിൽ എൽ.ഡി.എഫും കുറുവയിലെ തോറ വാർഡിൽ സ്വതന്ത്രനും വിജയിച്ചപ്പോൾ എൽ.ഡി.എഫ്. സിറ്റിംഗ് സീറ്റുകളായ കൊല്ലയിൽ പഞ്ചായത്തിലെ പെരുമ്പോട്ടുകോണം, തൃക്കുന്നപുഴയിലെ വലിയപറമ്പ് വാർഡുകളിൽ യു.ഡി.എഫും മുല്ലശ്ശേരിയിലെ മാനിനയിൽ ബി.ജെ.പി.യും ജയിച്ചു.

*(എസ്.ഇ.സി. 04/2014)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

27th January 2014

## ഇരുപത്തിനാല് വാർഡുകളിൽ ഇന്ന് ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ ഇരുപത്തിനാല് തദ്ദേശസ്വയംഭരണവാർഡുകളിൽ ഇന്ന് (ജനുവരി 28) ഉപതിരഞ്ഞെടുപ്പ് നടക്കുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അറിയിച്ചു.

**തിരുവനന്തപുരം**: കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ പെരുമ്പോട്ടുകോണം, പനവൂരിലെ ആട്ടുകാൽ, പാങ്ങോട്ടെ ഉളിയൻകോട്, **കൊല്ലം**: തേവലക്കരയിലെ കോയിവിള കിഴക്ക്, ആലപ്പുഴ: കടക്കരപ്പള്ളിയിലെ മഞ്ചാടിക്കൽ, ചമ്പക്കുളത്തെ ചമ്പക്കുളം, തൃക്കുന്നപ്പുഴയിലെ വലിയപറമ്പ്, **കോട്ടയം**: തലയാഴത്തെ പുന്നപ്പോഴി, കോരുത്തോടിലെ മടുക്ക, **തൃശ്ശൂർ**: കോർപ്പറേഷനിലെ ഒല്ലൂർ. മുല്ലശ്ശേരിയിലെ മാനിന, വലപ്പാട്ടെ പയച്ചോട്, കോതകുളം ബീച്ച്, കോടശ്ശേരിയിലെ ചട്ടിക്കുളം, **പാലക്കാട്**: പെരുമാട്ടിയിലെ പാറക്കളം, മലപ്പുറം: മുതുവല്ലൂരിലെ പാപ്പത്ത്, കുറുവയിലെ തോറ, മംഗലത്തെ ആശാൻപടി, അരയൻ കടപ്പുറം, കൂട്ടായി നോർത്ത്, **കോഴിക്കോട്**: കീഴരിയൂരിലെ കീഴരിയൂർ സെന്റർ, കാക്കൂരിലെ നടുവല്ലൂർ, **കണ്ണൂർ**: പായത്തെ കുന്നോത്ത്, **കാസറഗോഡ്**: കാസറഗോഡ് നഗരസഭയിലെ ആനബാഗിലു എന്നിവയാണ് വാർഡുകൾ.

സമ്മതിദായകർക്ക് പോളിംഗ് സ്റ്റേഷനിൽ പ്രവേശിക്കുന്നതിന് ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ നിർബന്ധമാണ്. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ തിരിച്ചറിയൽ കാർഡോ, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻകാർഡ്, ഫോട്ടോ പതിച്ച എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, ഫോട്ടോ പതിച്ച് സർക്കാർ നൽകുന്ന മറ്റ് രേഖകൾ, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്ന് തിരഞ്ഞെടുപ്പ് തീയതിയ്ക്ക് ആറ് മാസം മുമ്പുവരെ നൽകിയ ഫോട്ടോ പതിച്ച പാസ് ബുക്ക് എന്നിവയിലേതെങ്കിലും ഒരു രേഖയോ ഇതിനായി ഉപയോഗിക്കാം. വോട്ടർമാരുടെ വിരലിൽ മഷി അടയാളം പുരട്ടാൻ ഇങ്ക് മാർക്കർ പേനയാകും ഉപയോഗിക്കുക. വോട്ടെണ്ണൽ നാളെ (ജനുവരി 29) നടക്കും

*(എസ്.ഇ.സി. 03/2014)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

20th January 2014

## ഗ്രാമസഭകൾ ശക്തിപ്പെടുത്തണം – മന്ത്രി. എം. കെ. മുനീർ

ഗ്രാമ-വാർഡ് സഭകൾ ശക്തിപ്പെടുത്താൻ ആവശ്യമെങ്കിൽ നിയമഭേദഗതി കൊണ്ടുവരുമെന്ന് പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം. കെ. മുനീർ അറിയിച്ചു.

അധികാരവികേന്ദ്രീകരണം സംബന്ധിച്ച അന്തർദേശീയ സമ്മേളനത്തോടനുബന്ധിച്ച് നടന്ന പ്രാദേശിക സർക്കാരുകളും തിരഞ്ഞെടുപ്പ് കമ്മീഷനുകളുമെന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പല തദ്ദേശ സ്ഥാപനങ്ങളിലും ഗ്രാമ-വാർഡ് സഭകൾ യഥാസമയം ചേരുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രാദേശിക വികസനം ഉറപ്പാക്കാൻ ഗ്രാമസഭകൾക്കേ കഴിയൂ. ഗ്രാമ-വാർഡ് സഭകൾ യഥസമയം ചേരുന്നുവെന്ന് സർക്കാർ ഉറപ്പുവരുത്തും. ഇതിനായി ആവശ്യമെങ്കിൽ ബന്ധപ്പെട്ട നിയമങ്ങൾ ഭേദഗതി ചെയ്യും. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് കൂടുതൽ അധികാരം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി തിരഞ്ഞെടുപ്പ് കമ്മീഷണർക്ക് ഹൈക്കോടതി ജഡ്ജിയുടെ പദവി നൽകിയതായി മന്ത്രി പറഞ്ഞു.

വിവിധ സംസ്ഥാനങ്ങളിലെ തദ്ദേശഭരണ തിരഞ്ഞെടുപ്പുകൾക്ക് ഏകീകൃത രൂപമുണ്ടാക്കണമെന്ന് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച ആന്ധ്രാപ്രദേശ് തിരഞ്ഞെടുപ്പ് കമ്മീഷണർ രമാകാന്ത് റെഡ്ഢി അഭിപ്രായപ്പെട്ടു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രാഷ്ട്രീയ അതിപ്രസരം മൂലം വികസനം തടസ്സപ്പെടുന്ന സ്ഥിതി ഒഴിവാക്കണമെന്ന് മുഖ്യപ്രഭാഷണം നടത്തിയ ചീഫ് സെക്രട്ടറി ഇ.കെ. ഭരത് ഭൂഷൺ നിർദ്ദേശിച്ചു. തുല്യവികസനത്തിന്റെ പേരിൽ ഫണ്ട് വാർഡടിസ്ഥാനത്തിൽ വീതിച്ചനുവദിക്കുന്ന രീതി അവസാനിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ, ഹരിയാന തിരഞ്ഞെടുപ്പ് കമ്മീഷണർ ധരംവീർ, കർണ്ണാടക തിരഞ്ഞെടുപ്പ് കമ്മീഷണർ സി.ആർ. ചിക്കമത്ത്, കേന്ദ്ര ഗ്രാമവികസന അഡീഷണൽ സെക്രട്ടറി എസ്.എം. വിജയാനന്ദ്, തദ്ദേശഭരണ സെക്രട്ടറി ജെയിംസ് വർഗീസ്, എ.സ്. ദിവാകരൻപിള്ള എന്നിവർ സംസാരിച്ചു.

*(എസ്.ഇ.സി. 02/2014)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2326148
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്‍

8th January 2014

## പഞ്ചായത്തിന് സാമ്പത്തികനഷ്ടം വരുത്തിയ പ്രസിഡന്റിനെ അയോഗ്യനാക്കി

പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വരുത്തിയതിന് പാലക്കാട് ജില്ലയിലെ ലെക്കിടി പേരൂര്‍ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീവത്സനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണര്‍ കെ. ശശിധരന്‍ നായര്‍ അയോഗ്യനാക്കി.

ശ്രീവത്സന്‍ വിജയിച്ച കിള്ളിക്കുറിശ്ശിമംഗലം വാര്‍ഡിലെ വോട്ടറായ രാമകൃഷ്ണന്‍ നല്‍കിയ ഹര്‍ജിയിലാണ് ഉത്തരവ്.

പറളിയിലെ ഒരു എയ്ഡഡ് സ്കൂള്‍ അദ്ധ്യാപകനായിരിക്കെയാണ് ശ്രീവത്സന്‍ പഞ്ചായത്തംഗവും പ്രസിഡന്റുമായത്. സര്‍ക്കാര്‍ ഉത്തരവ് പ്രകാരം, പഞ്ചായത്ത് പ്രസിഡന്റായി ജോലി നോക്കുന്ന എയ്ഡഡ് സ്കൂള്‍ അദ്ധ്യാപകര്‍ ലീവില്‍ പ്രവേശിക്കണം. ഇക്കാലയളവില്‍ ലീവ് സാലറിയ്ക്ക് പുറമെ പഞ്ചായത്തില്‍ നിന്നുള്ള ആനുകൂല്യങ്ങളും കൈപ്പറ്റാം. ശ്രീവത്സന്‍ ചുമതലയേറ്റശേഷം ലീവില്‍ പ്രവേശിക്കാതെ, സ്കൂളില്‍ നിന്ന് ശമ്പളം വാങ്ങുന്ന കാലയളവില്‍തന്നെ പഞ്ചായത്ത് യോഗങ്ങളില്‍ സംബന്ധിച്ചതിന് സിറ്റിംഗ് ഫീസും, യാത്രാപ്പടിയും കൈപ്പറ്റി. ഇതുമൂലം പഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടായി എന്ന് വ്യക്തമായതിനാല്‍ പഞ്ചായത്ത്‌രാജ് നിയമത്തിലെ 35(ഒ) വ്യവസ്ഥ പ്രകാരം കമ്മീഷന്‍ ശ്രീവത്സനെ അയോഗ്യനാക്കുകയായിരുന്നു.

*(എസ്.ഇ.സി. 01/2014)*